
ജ്വലിക
മുക്കം ഹൈസ്കൂൾ മുക്കം
സ്കൂൾ മാഗസിൻ '19

# ആമുഖം

മുക്കം ഹൈസ്കൂളിലെ
വിദ്യാർത്ഥി വിദ്യാർത്ഥിനികൾ
തയ്യാറാക്കിയ മാഗസിൻ

**''തൂലിക''**

വിദ്യാർത്ഥികൾ അവരുടെ
സർഗാത്മക കഴിവുകൾ
പ്രകടമാക്കുന്ന രംഗമാണെങ്കിലും
അതിൽ സ്കൂളിലെ എല്ലാവരും
അവരുടേതായ കഴിവുകൾ
പ്രകടിപ്പിച്ചിരിക്കുന്നു.സ്കൂളിൽ
നടക്കുന്ന വിവിധ തരത്തിലുള്ള
പ്രവർത്തനങ്ങൾ കൂടി
ഉൾപ്പെടുത്തിയാണ് മാഗസിൻ
തയ്യാറാക്കിയിരിക്കുന്നത്.

**എഡിറ്റോറിയൽ ബോർഡ്**



# ആശംസ

മുക്കം ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ മാഗസിൻ ഉളികയിൽ വിവിധതരത്തിലുള്ള കഴിവുകൾ പ്രകടിപ്പിച്ച കുട്ടികൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹത്തോടെ

മനോജ് സി.എം (H.M)

# ആശംസ

മുക്കം ഹൈസ്കൂളിന്റെ വിദ്യാർത്ഥി വിദ്യർത്ഥിനികൾ തയ്യാറാക്കിയ മാഗസിൻ ''***ഗുളിക***''ഏറ്റവും മികച്ച നിലവാരം പുലർത്തുന്നു. ഓരോ പേജുകളിലും കുട്ടികളുടെ സർഗാത്മക കഴിവുകൾ പ്രകടമാകുന്നു. ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും പ്രത്യേകം അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

*മാനേജർ :*

**വി.ഉമ്മർ കോയ ഹാജി**

# ഉള്ളടക്കം


| | | |
|---|---|---|
| 1 | എന്റെ ഹരിത വിദ്യാലയം | 9 |
| 2 | പൂക്കളുടെ റാണി | 11 |
| 3 | ഡോ.എ.പി.ജെ അബ്ദുൽ കലാം | 13 |
| 4 | നഷ്ടം | 14 |
| 5 | ജി. ശങ്കരപ്പിള്ള | 16 |
| 6 | അമ്മയുടെ സ്നേഹം | 18 |
| 7 | ഓണം | 20 |
| 8 | നന്ദുവിന്റെ മുത്തശ്ശി | 21 |
| 9 | കടമ്മനിട്ട രാമകൃഷ്ണൻ | 23 |
| 10 | മിക്ക തവളയും ചിക്ക തവളയും | 24 |
| 11 | ഓടിച്ചാടിനടക്കാം | 26 |
| 12 | പൂമ്പാറ്റ | 27 |
| 13 | മിന്നുവിന്റെ പൂന്തോട്ടം | 28 |
| 14 | കേരളം | 30 |
| 15 | സഹോദരന്മാരുടെ മനസ് ഒന്നല്ല | 31 |
| 16 | കാക്കയ്ക്കിരിക്കാൻ കൊമ്പുകൊടുത്താൽ | 33 |
| 19 | അഹങ്കാരത്തിന് കിട്ടിയ ശിക്ഷ | 35 |
| 20 | ഓണത്തുമ്പിയുടെ കഥ | 37 |
| 21 | നമ്മുടെ മലയാളം | 38 |
| 22 | ഇരുവഴിഞ്ഞി പുഴ | 39 |

23 മിന്നുവും ചിന്നുവും കൂട്ടുകാരാണോ? 40
24 മനോഹരമായ പൂന്തോട്ടം 42
25 വെള്ളച്ചാട്ടം 43
26 ചിന്നുവും അമ്മുവും 44
27 കാട്ടിലെ സുന്ദരി 46
28 പാലപ്പൂവ് വിരിയുന്ന സമയം 47
29 അമ്മയ്ക്ക് കൊടുത്ത വാക്ക് 49
30 പാഞ്ഞെത്തിയ ആ വാഹനം 51
31 രാപ്പാടിയുടെ ഗാനം 53
32 ചിക്കുവും കിങ്ങുവും 54
33 പിരിയാത്ത കൂട്ടുകാർ 55
34 നീനുവും മിന്നുവും 57
35 പ്രതീക്ഷ 59
36 അഹങ്കാരം ആപത്ത് 60
37 മലയാളം 61
38 ഗുരു 63
39 കനൽ മഴ 64
40 മരണം 65
41 മഴത്തുള്ളി 66
42 പ്രളയം 66
43 മഞ്ഞ് 68


| | | |
|---|---|---|
| 44 | തത്ത | 69 |
| 45 | കുംഭത്തിൽ നട്ടാൽ | 70 |
| 46 | ബാല്യം | 71 |
| 47 | കണ്ണൂരിലെ വിസ്മയം | 72 |
| 48 | നീലക്കുറിഞ്ഞി | 73 |
| 49 | ഒരുമയോടെ | 74 |
| 50 | കാറ്റ് | 78 |
| 51 | വീണ പൂവ് | 79 |
| 52 | ഓണം | 81 |
| 53 | ദൈവ തുല്യനായ ഗുരു | 82 |
| 54 | റോസ് | 83 |
| 55 | കലണ്ടർ | 84 |
| 56 | ജൂൺ-19-വായനാദിനം | 85 |
| 57 | പൂക്കൾ | 87 |
| 59 | ഭൂമി | 88 |
| 60 | രാജ്ഞിയുടെ അഹങ്കാരം | 89 |

61 മഴവില്ല് 91

62 കുത്തിവര 93

63 2018-19 അദ്ധ്യയന വർഷത്തിലെ സ്കൂൾ പ്രവർത്തനങ്ങൾ 100

**64 കടപ്പാട് 106**

ലഘുലേഖനം

# എന്റെ ഹരിത വിദ്യാലയം

മുക്കം ഹൈസ്കൂൾ എന്ന ഒരു മലയോര സ്കൂളിലാണ് എന്റെ ഹൈസ്കൂൾകാലം.പ്രകൃതി കനിഞ്ഞു നൽകിയ സ്കൂളിൽ ഞാനിപ്പോൾ ഒൻപതാം തരം പഠിക്കുകയാണ്.ഈ സ്കൂളിലെ വിദ്യാർത്ഥിയായതിൽ



ഞാനഭിമാനിക്കുന്ന.അറിവുകൾ കൊണ്ട്

സമ്പന്നമായവിദ്യാലയത്തിൽ സ്നേഹനിധികളായ അധ്യാപകരോടൊപ്പം അറിവിനെ കൈവെള്ളയിലൊതുക്കി ഞങ്ങൾ പഠിച്ച മുന്നേറുകയാണ്.



സ്കൂളിന്റെ തലവനായ മനോജ് മാസ്റ്ററുടെ കീഴിൽ ഞങ്ങൾവിദ്യഅഭ്യസിച്ച്കൊണ്ടിരിക്കുകയാണ് പഠനത്തിൽ മാത്രമല്ല കായികത്തിലും ചിത്രകലാരിതിയേയും പ്രോത്സാഹിപ്പിക്കുന്നു.സ്കൂൾ പരിസരത്തുള്ള നെല്ലിമരത്തിലെ നെല്ലിക്ക ഞങ്ങളുടെ ഹരമാണ്.എന്നും ആദ്യം ചവർക്കുമെങ്കിലും പിന്നീട് മധുരിക്കുമെന്ന് ഞങ്ങൾ മനസ്സിലാക്കി.

കഥ

# പൂക്കളുടെ റാണി



ഒരു രാജ്യത്ത് ഒരു വലിയ കൊട്ടാരമുണ്ടായിരുന്നു. അതിൽ സുന്ദരിയായ ഒരു രാജകുമാരി ജീവിച്ചിരുന്നു. അവൾക്ക് റോസാപ്പൂക്കൾ വളരെ അധികം ഇഷ്ടമായിരുന്നു. അതുകൊണ്ട് തന്നെ കൊട്ടാരത്തിന്റെ എല്ലാ ഭാഗങ്ങളിലും റോസാപ്പൂക്കൾ ഒരുപാടുണ്ടായിരുന്നു. അവൾ എന്നും റോസാപ്പൂക്കളെ പരിപാലിക്കുമായിരുന്നു. ഒരിക്കൽ അവൾക്ക് ഒരാഗ്രഹം തോന്നി. കൊട്ടാരത്തിന്റെ ഇടതു വശത്തേക്ക് പോകുമ്പോൾ ഒരു കാടുണ്ടായിരുന്നു അങ്ങോട്ടു പോകണമെന്നായിരുന്നു ആഗ്രഹം. അവിടെ പല നിറത്തിലുള്ള റോസാപ്പൂക്കൾ ഉണ്ടെന്ന് അവൾ വിശ്വസിച്ചു. അങ്ങനെ അവൾ കാട്ടിലേക്ക് പോകാൻ യാത്ര ആരംഭിച്ചു. അവർ എത്തിയത് മനോഹരമായ ഒരു വെള്ള റോസാപ്പൂന്തോട്ടത്തിലേക്ക് ആയിരുന്നു. പക്ഷെ അവൾ അതിന്റെ ഒരു കൊമ്പ് പറിക്കാൻ ശ്രമിച്ചപ്പോഴേക്കും ഒരു ശബ്ദം കേട്ടു. അത് ഒരു സിംഹത്തിന്റെ ശബ്ദം ആയിരുന്നു. അവൾ വല്ലാതെ ഭയപ്പെട്ടു അവളോട് സിംഹം പറഞ്ഞു...."ഇത് എന്റെ റോസാപ്പൂന്തോട്ടമാണ് ഇവിടേക്ക് വരാൻ നിനക്കെങ്ങനെ ധൈര്യം വന്നു" എന്നിട്ട് പെട്ടെന്ന് അവൾ ഓടി അവൾ വിശ്വസിച്ച പോലെ ആ കാട്ടിൽ ഒരുപ്പാട് റോസാപ്പൂക്കൾ ഉണ്ടായിരുന്നു. അവൾ അവളുടെ ധൈര്യം കൈവിട്ടില്ല അവൾ പിന്നെയും നടന്നു അപ്പോഴുണ്ട അതിമനോഹരമായ ചുവന്ന പൂന്തോട്ടം. അവൾ ആലോചിച്ചു....."നേരത്തേ പോലെ ഈ പൂന്തോട്ടത്തിനും സംരക്ഷകൻ ഉണ്ടാവുമോ"എന്ന് അവൾക്ക് നേരത്തേപ്പോലെ തന്നെ ഈ റോസാപ്പൂവിന്റെ ഒരു കൊമ്പെടുത്ത് കൊട്ടാരത്തിൽ കുഴിച്ചിടണമെന്നുണ്ടായിരുന്നു. ഒരു പരുന്ത് പെട്ടെന്ന് പറന്നുവന്നു അതുകണ്ട് അവൾ വല്ലാതെ ഭയപ്പെട്ടു ആ പരുന്ത് പറഞ്ഞു..."ഇത് എന്റെ തോട്ടമാണ്. നീ എന്തിനാണ് ഇങ്ങോട്ട് വന്നത്." ഇത് കേട്ട് അവൾ ഭയന്നോടി. അവൾക്ക് വല്ലാതെ വിഷമമായി അവൾ ഒരു

കല്ലിന്റെ മുകളിലിരുന്ന് ആലോചച്ചു..."ഇനി ഞാൻ എന്തു ചെയ്യും ഒരു റോസാപ്പൂവ് പോലും എനിക്ക് കിട്ടിയില്ല." അവൾ ഇതും ആലോചിച്ച് തിരികെ പോവാൻ നോക്കിയപ്പോൾ ഉണ്ട് ഒരു വശത്ത് നിന്ന് കിളികളുടെ പാട്ടുകൾ കേൾക്കുന്നു. നല്ല സുഗന്ധവും അനുഭവപ്പെട്ടു. പിന്നെ ഒരു കളകളാരവും അവൾ ആ വശത്തേക്ക് നടന്നു നല്ല മനോഹരമായപ്രദേശം നല്ല വിശാലമായ വെള്ളച്ചാട്ടം. അതിന്റെ അടുത്ത് അതിമനോഹരമായ കൊട്ടാരം അവിടെനിറച്ചും പൂക്കൾ ആണ്. പല നിറങ്ങളിലുള്ള പൂക്കൾ അതെല്ലാംക്കൂടി അവിടെ നിറഞ്ഞുകിടക്കുന്നുണ്ട്. പെട്ടെന്ന് ഒരു ദേവത പ്രത്യക്ഷപ്പെട്ടു. ആ ദേവത അവളോട് ഇങ്ങനെ പറഞ്ഞു. "മക്കളെ ഇത് നിന്റെ പ്രദേശമാണ്",നീ പൂക്കളെ നന്നായി പരിപാലിക്കുന്നുണ്ടന്ന് ഞാൻ കണ്ടു. " നീ ആണ് ഇനി പൂക്കളുടെ റാണി". പക്ഷെ അവൾ ദേവതയോട് ഇങ്ങനെ പറഞ്ഞു. " അമ്മേ ഞാൻ എങ്ങനെ ഇവിടെ ഒറ്റക്ക് നിൽക്കും". ദേവത ഉടനെ മാന്ത്രിക ദണ്ഡ് ഒന്ന് ചലിപ്പിച്ചു. അപ്പോൾ ഉണ്ട് അവൾക്ക് കൂട്ടിനായി ഒരു കൂട്ടുക്കാരി വന്നിരിക്കുന്നു. അവൾ വളരെ ചെറുതായിരുന്നു. അവൾക്ക് ചിറകുക്കൾ ഉണ്ടായിരുന്നു, അവളെ കാണാൻ പൂമ്പാറ്റയെ പോലെ ആയിരുന്നു. ദേവത പറഞ്ഞു. "ഇനി നീ പേടിക്കേണ്ട ഇവളുണ്ട് നിന്നക്ക് കൂട്ടിന്". ദേവത ഉടനെ മാന്ത്രിക ദണ്ഡ് ഒന്ന് ചലിപ്പിച്ചു. പെട്ടെന്ന് രാജകുമാരിക്ക് ചിറകുക്കൾ ഉണ്ടായി.ദേവത അവൾക്ക് മാന്ത്രിക ദണ്ഡ് കൊടുത്തു. ദേവത പെട്ടെന്ന് അപ്രതിക്ഷിതയായി. രാജകുമാരിയും അവളുടെ കൂട്ടുകാരുയും കുടി ആ പ്രദേശം ഒന്ന് ചുറ്റി കണ്ടു. എന്നിട്ട് അവർ പുതിയ കൊട്ടാരത്തിലേക്ക് പോയി. അവർ പൂക്കാളുടെ റാണിയായി ജീവിച്ചു. രാജകുമാരിയെ എല്ലാവരും " പൂക്കളുടെ റാണി" എന്ന് വിളിച്ചു.

***- ദേവപ്രിയ. കെ. പി***

**6.A**

## ജീവചരിത്രക്കുറിപ്പ്



# ഡോ.എ.പി.ജെ അബ്ദുൽ കലാം

പ്രമുഖ ഇന്ത്യൻ ഭൗതിക ശാസ്ത്രജ്ഞനായ ഇദ്ദേഹം 2002 മുതൽ 2007 വരെ ഇന്ത്യയുടെ രാഷ്ട്രപിതാവായിരുന്നു. ശുഭപ്രതീക്ഷയുള്ള ഒരു പരിശ്രമശാലി എന്ന നിലയിൽ മറ്റുള്ളവർക്ക് പ്രചോദനം നൽകുന്നതരത്തിൽ എഴുതുകയും പ്രസംഗിക്കുകയു ചെയ്യുന്നു.1931 ൽ തമിഴ്നാട്ടിലെ രാമേശരത്താണ് ജനിച്ചത്. 'ഭാരതരത്നം' ബഹുമതി ലഭിച്ചിട്ടുണ്ട്. 'അഗ്നിച്ചിറകുകൾ' പ്രധാന കൃതിയാണ്.

കഥ

# നഷ്ടം

ബാനു ആറാം ക്ലാസിലാണ് പഠിക്കുന്നത്. ബാനുവിന് ഒരു കൂട്ടുക്കാരി മാത്രമേ ഉള്ളൂ.
ബാനുവിന്റെ കൂട്ടുക്കാരിയുടെ പേര് മിന്നുഎന്നാണ്.
മിന്നുവും ബാനുവും അയൽവാസികളായിരുന്നു .
അതുകൊണ്ട് രണ്ട് പേരും ഒന്നിച്ച് കളിക്കും പഠിക്കും സ്കൂളിൽ പോവും .അങ്ങനെ ഒരു ദിവസം
ബാനുവിനെ പൂച്ച മാന്തി .മാന്തിയ പൂച്ച മിന്നുവിന്റെ കുറിഞ്ഞി പൂച്ചയായിരുന്നു .ബാനുവിന്
മുറിയായി .പിന്നീട് പനിയും .എന്നാലും ബാനുവിന് പൂച്ചയെ വളരെ ഇഷ്ടമായിരുന്നു .
മിന്നുവും ബാനുവും പിണങ്ങിയതുമില്ല .പക്ഷേ,
വൈകാതെ മാതാപിതാക്കൾ തമ്മിൽ മുഖം തിരിച്ച് നടക്കാനും വീടിന് ചുറ്റും വേലി കെട്ടാനും
തുടങ്ങി .എന്നാലും മിന്നുവും ബാനുവും പിണങ്ങിയതുമില്ല. അവർ ഒരുമിച്ച തന്നെ സ്കൂളിൽ
പോകലും കളിക്കലും പഠിക്കലും തുടർന്നു. പക്ഷേ ഇതൊന്നും വീട്ടുക്കാർക്ക് പിടിച്ചില്ല. അവസാനം മിന്നുവിന്റെ അമ്മയ്ക്ക് ഒരു ദുഷ്ടബുദ്ധി മുളച്ചു. മിന്നുവിന്റെ അമ്മ മിന്നുവിനെ സ്കൂൾ മാറ്റി. വൈകാതെ വീടും ഇതറിഞ്ഞ ബാനു അച്ഛനോട് തന്നെ സ്കൂൾ

മാറ്റണമെന്നും ടൗണിലേക്ക് ആക്കണമെന്നും ടൗണിലെ യു.പി സ്കൂളിൽ തന്നെ ചേർക്കണമെന്നും ബാനു പറഞ്ഞു. ഇതേ സ്കൂളിലാണ് മിനുവും മാറിയതെന്ന് അറിയാത്ത ബാനുവിന്റെ അച്ഛൻ അവൾ പറഞ്ഞതെല്ലാം ചെയ്തു. വൈകാതെ ബാനു ടൗണിലെ സ്കൂളിലേക്കും വീട്ടിലേക്കും മാറി. ഒരാഴ്ച്ച കഴിഞ്ഞതേയുള്ളൂ. മിനു ആ സ്കൂളിൽ ബാനുവിന്റെ ക്ലാസിൽ തന്നെ വന്നെത്തി. അങ്ങനെ അവർ സന്തോഷത്തോടെ പോകുമ്പോൾ ഒരു ദിവസം മനുവിന്റെ അച്ഛൻ ബാനു മിനുവിന്റെ സ്കൂളിലാണെന്ന് അറിഞ്ഞു. അതുപോലെ തന്നെ ബാനു പഠിക്കുന്ന സ്കൂളിൽ മിനു പഠിക്കുന്നു എന്ന് ബാനുവിന്റെ അച്ഛനും അറിഞ്ഞു. ഈ വിവരം രണ്ട് ഭാര്യമാരോടും പറഞ്ഞു. ബാനുവിന്റെ അമ്മ ചിന്തിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യാൻ തീരുമാനിച്ചു. പക്ഷെ മിനുവിന്റെ അമ്മ മിനുവിന്റെ അച്ഛനോട് ബാനുവിനെ കൊല്ലാൻ പറഞ്ഞു. അങ്ങനെ മിനുവിന്റെ അച്ഛൻ പിറ്റേന്ന് ബാനുവിനെ സ്കൂളിൽ പോകുമ്പാൾ തട്ടിക്കൊണ്ടു പോയി കൊന്നു . ഈ വിവരം നാട്ടിൽ പാട്ടായി. വൈകാതെ മിനുവിന്റെ ചെവിയിലും ഈ കാര്യം എത്തി. അങ്ങനെ അന്നു രാത്രി മിനു മനംനൊന്ത് ആത്മഹത്യ ചെയ്തു. അങ്ങനെ രണ്ട് വീട്ടുക്കാർക്കും തങ്ങളുടെ മക്കളെ നഷ്ട്പ്പെട്ടു.

***ആർദ്ര.യു.കെ -8.***

**ജീവചരിത്ര കുറിപ്പ്**

# *ജി. ശങ്കരപ്പിള്ള (1930 – 1989)*

തിരുവനന്തപുരം ജില്ലയിലെ ചിറയിൻ കീഴിൽ വി. ഗോപാല-



പ്പിള്ളയുടെയും കമലാക്ഷിയമ്മയുടെയും മകനായി 1930 ജ്ജൂൺ 22 ൽ ജീ.ശങ്കരപ്പിള്ള ജനിച്ചു. തിരുവനന്തപുരത്തെ വിവിധ കോളേജുകളിലായി വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം വിവിധ കോളേജുകളിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചു. 1977 ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഡ്രാമ ആരംഭിച്ചപ്പോൾ അതിന്റെ ഡയറക്ടറായി. 1988 മുതൽ മഹാതമഗാന്ധി യൂണിവേഴ്സിറ്റിയുടെ സ്കൂൾ ഓഫ്

ലെറ്റേഴ്സ് ഡയറക്ടറായിരുന്നു. കുട്ടിക്കളുടെ നാടകവേദിയായ രംഗപ്രഭാതിന്റെ സ്ഥാപകരിൽ ഒരാളാണ്.ജീ. ശങ്കരപ്പിള്ള നാടക സംവിധായകൻ, അധ്യാപകൻ, അഭിനയം, നാടകരചന, സംഗീതം, ചമയം എന്നീ നിലകളിലെല്ലാം പ്രഗതഭനാണ്. അദ്ദേഹം കുട്ടികളിലേക്ക് നല്ല സന്ദേശങ്ങളും ആശയങ്ങളും എത്തിക്കുന്നതിനും അവരുടെ കഴിവുകൾ വളർത്തിയെടുക്കു-ന്നതിനും നാടകം മികച്ച മാധ്യമമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. അങ്ങനെ കുട്ടികളുടെ നാടക വേദിക്ക് കേരള വേദിക്ക് പ്രചാരംനൽകി. ഇക്കാലത്തെല്ലാം കുട്ടികളുടെ നാടക വേദി പ്രവർത്തനങ്ങളും അദ്ദേഹം ഊർജിതമായി നടത്തി. നാടകവേദിയേയും നാടോടിദൃശ്യകലാരൂപങ്ങളേയും പറ്റിയുള്ള നിരവധി പഠനങ്ങളേയും അദ്ദേഹത്തിന്റെതായി-ട്ടുണ്ട്. ഒട്ടേറേ പദവികൾ അലങ്കരിച്ച അദ്ദേഹം 1989 ജനവരഒന്നാം തിയ്യതി അന്തരിച്ചു.

***-അബിനീഷ്.പി***

**6.A**

**കഥ**

# അമ്മയുടെ സ്നേഹം

ഒരിടത്ത് ഒരു ഗ്രാമത്തിൽ ഒരു അച്ഛനും അമ്മയും ഉണ്ടായിരുന്നു. അവർക്ക് ഒരു ആൺകുട്ടി ജനിച്ചു. കുട്ടിയുടെ ജനനത്തിൽ തന്നെ അമ്മ മരിച്ചു. അങ്ങനെ അവന് മനു എന്ന് പേരിട്ടു. അമ്മ പോയതിന്റെ സംങ്കടം മായാതെ വർഷങ്ങളും മാസങ്ങളും കടന്നു പോയത് അവർ അറിഞ്ഞതേയില്ല. മനു അംഗണവാടിയിൽ



ചേർന്നു. അവനെ കുളിപ്പിക്കാനും പല്ല്തേപ്പിക്കാനും ഒരുക്കാനും അവന് അച്ഛൻ മാത്രമേ ഉണ്ടായിരുന്നുള്ളു. അവന് അംഗണവാടിയിൽ നിന്ന് ഒരു നല്ല കൂട്ടുക്കാരനെ കിട്ടി. അവന്റെ പേരാണ് അപ്പു. മനു അപ്പുവിനോടൊത്ത് കളിക്കാനും പഠിക്കാനും തുടങ്ങി.

അപ്പുവിന്റെ അമ്മ അവനേയും അവന്റെ അച്ഛനേയും വിട്ട്

അപ്പുവിന്റെ ചെറുപ്പക്കാലത്ത് വിദേശത്തേക്ക് പോയതാണ്. പെട്ടെന്ന് ഒരു ദിവസം മനുവും അപ്പുവും കൂടി അമ്മയുടെ കാര്യം പറഞ്ഞ് വഴക്കിട്ടു. പെട്ടെന്ന് ഒരുനാൾ അപ്പുവിന്റെ അമ്മ വിദേശത്ത്നിന്ന് തിരിച്ചുവന്നു. അപ്പുവിന്റെ അച്ഛൻ അവരെ സ്വീകരിച്ചില്ല. അപ്പുവിന്റെ സംങ്കടത്തിനുമുന്നിൽ അച്ഛൻ സമ്മതിച്ചു. അവർക്ക് ഒരു നല്ല കുടുംബജീവിതം ഉണ്ടായി. ഒരു ദിവസം അപ്പുവിന്റെ അമ്മയുടെകൂടെ സാധനങ്ങൾ വാങ്ങാൻ പോയി. അവർ സഞ്ചരിച്ച വാഹനത്തെ ഒരു ലോറി തട്ടി. അപ്പുവിന് ചെറിയൊരു മുറിമാത്രമേ പറ്റിയുള്ളൂ പക്ഷെ അവന്റെ അമ്മ മരിച്ചു. കുറേ ദിവസം അവൻ അംഗണനവാടിയിൽ പോയതേയില്ല. അങ്ങനെ അവൻ അംഗണവാടിയിൽ പോവാൻ തുടങ്ങി. അപ്പു അവന്റെ കാര്യമെല്ലാം മനുവിനോട് പറഞ്ഞു. അംഗണ വാടിയിലുള്ള ആൽമ്മരത്തിന്റെ ചുവട്ടിൽ ഇരുന്ന് രണ്ട്പ്പേരും അമ്മയെ ഓർത്ത് പൊട്ടിക്കരഞ്ഞു. എന്നെന്നും അമ്മയുടെ സ്നേഹം അറിയാതെ അവർ വളർന്നു.

*ഉണ്ണിമായ.കെ പി* *6.A*

# ഓണം

ഓണം കേരളീയരുടെ ദേശീയോത്സവമാണ്.

കർക്കടകമാസത്തിലാണ് ഓണം ഉണ്ടാവുക.

10 ദിവസമാണ് ഓണം ആഘോഷിക്കുന്നത്.



ഓണത്തെക്കുറിച്ചുള്ള ഒരു പഴഞ്ചൊല്ലാണ്

"അത്തപ്പത്തോണം അടുത്തല്ലോ നായരേ ചോതി

പുഴുങ്ങുവാൻ നെല്ലുതായോ "എന്നത്..

***ദേവപ്രിയ. കെ. വി 6 A***

***കഥ***

# നന്ദുവിന്റെ മുത്തശ്ശി

ഒരിടത്ത് ഒരു നന്ദുവും മുത്തശ്ശിയും ജീവിച്ചിരുന്നു. നന്ദുവിന്റെ അമ്മയും അച്ഛനും വിദേശത്താണ്. ഒരിക്കൽ അവർ വന്നിരുന്നു. അവർ നന്ദുവിനെ മുത്തശ്ശിയിൽ നിന്ന് അകറ്റിക്കൊണ്ട് പോയി. അന്ന് നന്ദു ഒരുപാട് കരഞ്ഞു. പക്ഷെ അവന്റെ കരച്ചിലിന് ശക്തി ഉണ്ടായിരുന്നില്ല. അവർ മുത്തശ്ശിയെ ഉപേക്ഷിച്ച് നന്ദുവിനെ കൊണ്ടു പോയി. മുത്തശ്ശി ആ വലിയവീട്ടിൽ ഒറ്റയ്ക്കായി.

കുറച്ച് ദിവസങ്ങൾക്ക് ശേഷം മുത്തശ്ശിക്ക് വല്ലാത്ത പനി ആയിരുന്നു. അന്ന് നന്ദു വിദേശത്ത് നിന്ന് വന്നു. മുത്തശ്ശിയെ ആശുപത്രിയിൽ കൊണ്ടു പോയി. അന്ന് നന്ദുവിന് വളരെ സംങ്കടമുള്ള ദിവസമായിരുന്നു. അന്ന് നന്ദു എല്ലാ ദൈവങ്ങളേയും വിളിച്ച് പ്രാർത്ഥിച്ചു. കുറച്ച് സമയങ്ങൾക്ക് ശേഷം ഡോക്ടർ മിത്തശ്ശിയുടെ മുറിയിൽ നിന്ന് വന്ന് പറഞ്ഞു മുത്തശ്ശിക്ക് കുഴപ്പമൊന്നും ഇല്ല നിങ്ങൾക്ക് വീട്ടിലേക്ക്

പോകാം എന്നു പറഞ്ഞു

{ഒരു മാസത്തിന് ശേഷം}......................

ഒരു ഓണ ദിവസം നന്ദുവും അമ്മയും അച്ഛനും ഉള്ള ആ ഓണ ദിവസം അന്ന് നന്ദു ഒരു സെറ്റും മുണ്ടുമായി മുത്തശ്ശിക്ക് കൊടുക്കാൻ വന്നു. അതും അണിഞ്ഞ് മുത്തശ്ശിയും എല്ലാവരും അമ്പലത്തിൽ പോയി. ഭഗവാനെ തൊഴു ഓണ സദ്യയും കഴിച്ച് മുത്തശ്ശിയും നന്ദുവും കിടന്നുറങ്ങി. പിന്നെ മുത്തശ്ശി എഴുന്നേറ്റില്ല. നന്ദു ഒരുപാട് പൊട്ടി കരഞ്ഞു. പക്ഷെ മുത്തശ്ശി




ജീവിതത്തിലേക്ക് തിരിച്ചു വന്നില്ല. അവർ മുത്തശ്ശിയെ മറന്ന് വിദേശത്തേക്ക് പറന്നു.

***- അശ്വനി.സി***

***8.A***

## ജീവചരിത്രക്കുറിപ്പ്



# കടമ്മനിട്ട രാമകൃഷ്ണൻ

ചൊൽക്കാഴാച്ചകളിലൂടേയും മലയാള കവിതയെ ആസ്വദകരിലേക്ക് എത്തിച്ച ആധുനിക കവി. കേരളത്തിന്റെ നാടോടി സംസ്കാരത്തിന്റെ കരുത്തിനെ പുതിയ കവിതാരീതിയുമായി സമന്വയിപ്പിക്കുകയും ചൊൽക്കാഴാചയിലൂടെ അവ ആസ്വാദകരിൽ എത്തിക്കുകയും ചെയ്തു. പത്തനംതിട്ട ജില്ലയിലെ കടമ്മനിട്ടയിൽ ജനിച്ചു. കേരള നിയമസഭയിൽ അംഗമായിരുന്നു. കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടി. കുറത്തി, കടിഞ്ഞൂൽപ്പൊട്ടൻ, മിശ്രുതളം, മഴപെയ്യുന്ന മഡളം കൊട്ടുന്നു, പുരുഷസൂക്തം, ദേവിസ്തവം, കോഴി, കടമനിട്ടയുടെ കവിതകൾ, വെള്ളി വെളിച്ചം, ഗോദോയെ കാത്ത്, സൂര്യശില എന്നിവയാണ് പ്രധാന കൃതികൾ.

*- ഉണ്ണിമായ. കെ. പി*

***6.A***

കഥ

# മിക്കു തവളയും ചിക്കു തവളയും

ഒരിടത്ത് ഒരിടത്ത് രണ്ട് തവളകളായ അമ്മയും അച്ഛനും താമസിച്ചിരുന്നു. വർഷങ്ങൾക്ക് ശേഷം അവർക്ക് ഇരട്ട കുട്ടികൾ ജനിച്ചു. അവർക്ക് അച്ഛനും അമ്മയും പേരിട്ടു. മിക്കു തവളയും ചിക്കു തവളയും അവരുടെ കൂട്ടുകാരാണ് അണ്ണാരക്കണ്ണനും, വണ്ണാത്തി കിളിയും. ഒരുനാൾ ചിക്കു തവളയും മിക്കു തവളയും മൈതാനത്ത് കളിക്കാൻ പോയി. അവർ കളിക്കുന്ന കിണറും പാടവരമ്പും കുളങ്ങളും കുണിൻ



ചുവട്ടിലും ആണ് കളിസ്ഥലങ്ങൾ. ഒരുനാൾ കളിച്ചുകൊ-
കൊണ്ടിരിക്കുന്നതിനിടയിൽ അതി ശക്തമായ കാറ്റ്
ആകാശത്തിൽ നിന്ന് പരുന്തുകളുടെ കലപില ശബ്ദങ്ങളും
എടുത്ത് കേൾക്കാം. അതുകേട്ട് അണ്ണാരക്കണ്ണനും,
വണ്ണാത്തിക്കിളിയും അവരുടെ വീട്ടിൽ പോയി. അവസാനം
മിക്കു തവളയും ചിക്കു തവളയും തനിച്ചായി. പെട്ടെന്നൊരു
ഇടിമിന്നലും മഴയും വന്നു. മിക്കു തവള കൂണിന്റെ ചിവട്ടിൽ
വന്നൊളിച്ചു. ഓടുന്ന നിരക്കിൽ ചിക്കുവിനേ കാണാതായി.
അച്ഛനമ്മമാർക്ക് അവരെ കാണാഞ്ഞിട്ട് ആദിയായി. മഴ
നിന്നതോടെ മിക്കുതവള കരഞ്ഞുകൊണ്ട് വീട്ടിലെ എത്തി.
കാര്യം മിക്കു തവളയോട് അച്ഛനമ്മമാർ അന്വേഷിച്ചു. കാര്യം
അറിഞ്ഞപ്പോൾ അമ്മയ്ക്കും അച്ഛനും സങ്കടം സഹിക്കാൻ
കഴിഞ്ഞില്ല. ഇവരെല്ലാവരും കൂടി ചിക്കുവിനേ തേടിയിറങ്ങി.
അവസാനം ഒരു പരുന്ത് അവനെ കൊത്തി
പർവതത്തിന്റെതാഴെ കോണ്ട് പോയി ഇട്ടു. അച്ഛനും അമ്മയും
മിക്കുവും അവനെ കണ്ടു. അവർ ചിക്കുവിന്റെ അടുത്തേക്ക് ചെന്നു.
അവർ ചിക്കുവിനെയും കൂട്ടി സന്തോഷത്തോടെ വീട്ടിലേക്ക്
മടങ്ങി...

**- അബിഷ .പി**

**6.A**

**കഥ**

# ഓടിച്ചാടിനടക്കാം

*മിട്ടുക്കിയായ ഒരു മാൻകുട്ടിയാണ് മിക്കു. അവളുടെ കൂട്ടുക്കാരനായ ചിക്കുവാകട്ടെ മഹാമടിയനും! അമ്മ കൊടുക്കുന്ന ആഹാരമൊക്കെ മിക്കു കറുമുറെ കടിച്ച് ചവച്ച് തിന്നു. എന്നാൽ ചിക്കുവോ, അമ്മആഹാരവുമായി വരുമ്പോൾത്തന്നെ അത് കഴികാതെ ഓടിമറയും. മിട്ടുകിയായ മിക്കുവിനെ പോലെ മോനും മോളും നന്നായി ആഹാരം കഴിച്ചോളു എന്ന് പറഞ്ഞ് ആഹാരം നൽകി തുടങ്ങാം. ഒരു ദിവസം മിക്കുവും ചിക്കുവും വീടിനടുത്തുള്ള പുഴക്കരയിൽ കൂട്ടുകാർക്കൊപ്പം കളികാൻ പോയി. നന്നായി ഭക്ഷണം കഴിച്ച മിക്കും കൂട്ടുകാർക്കൊപ്പം എന്നാൽ ആഹാരം കഴിക്കാതെ കളിക്കാനെത്തിയ ചിക്കു ക്ഷീണിച്ച് ഒരുമരച്ചുവട്ടിൽ ഇരിപ്പായി. കുറച്ച് കഴിഞ്ഞതും അവൻ അവിടെകിടന്നുറങ്ങിപ്പോയി. കുറെകഴിഞ്ഞതും ചിക്കു ഉറക്കത്തിൽ നിന്നും ഉണർന്നു. അപ്പോഴതാ കൂട്ടുകാരെല്ലാം കളികഴിഞ്ഞ്മടങ്ങുന്നു. ചിക്കുവിന് വലിയ വിഷമമായി. ''മിക്കുവിനെ നന്നായി ആഹാരം കഴിചാൽ തനിക്കും ഓടിച്ചാടി കളികാമുന്നു.'' അന്നുമുതൽ അമ്മ തരുന്ന ആഹാരം മുഴുവനും ചിക്കു മടിയില്ലാതെ കഴികാൻ തുടങ്ങി. അതോടെ അവന്റെ ക്ഷീണമെല്ലാം മാറി. കൂട്ടുകാരോടോപ്പം ചിക്കു ഓടിച്ചാടികളിക്കാൻ തുടങ്ങി.*

**അബിനീഷ്.പി *6.A***

*വിവരണം*

# പൂമ്പാറ്റ

എന്നും നമ്മൾ കാണുന്ന പൂമ്പാറ്റയെ കാണാൻ എന്തൊരു ഭംഗിയാണ്. പാടത്തിലൂടെയും വരമ്പിലൂടെയുമെല്ലാം നമ്മൾ പൂമ്പറ്റയെ കാണാറുണ്ട്. പൂക്കളിൽ തേൻ കുടിക്കാൻ പൂമ്പാറ്റകൾ നിത്യേനെ വീടുകളിലും പൂന്തോട്ടങ്ങളിലും എത്താറുണ്ട്. പൂമ്പാറ്റകൾക്ക് ഏറെ പ്രിയപ്പെട്ടതാണ് തേൻ. ഏഴഴകുള്ളപൂമ്പാറ്റകളുംഉണ്ടാകുംഅരളിശലഭ,വിലാസിനിനാട്ടു കോമാളി,നാട്ടുറോസമഞ്ഞപ്പാപ്പാത്തി,കറുപ്പൻ എന്നിങ്ങനെ ഒട്ടേറെ പൂമ്പാറ്റകൾ നമ്മുടെ ഈ കൊച്ചുലോകത്ത് പാറിനടക്കുന്നു. രാത്രിയിൽ വിരിയുന്ന മുല്ല,അനന്തശേനം തുടങ്ങിയ പൂക്കൾ രാത്രി പരാഗണത്തിന് എത്തുന്നവരാണ്. നിശാ ശലഭങ്ങൾ പൂമ്പാറ്റകൾ തേൻ കുടിക്കുക മാത്രമല്ല ചെയ്യുന്നത് പരാഗണത്തിനു സഹായിക്കുന്നുമുണ്ട്. ഇംഗ്ലീഷിൽ പൂമ്പറ്റയെ 'Butter Fly' എന്നാണ് പറയാറ്. പൂമ്പാറ്റകൾ ആദ്യം പുഴവാണ് പിന്നെയാണ് പൂമ്പാറ്റയായി മാറുന്നത്.

-ദേവപ്രിയ. കെ വി -*6.*

കഥ

# മിന്നുവിന്റെ പൂന്തോട്ടം

മിന്നുവിന് അതിമനോഹരമായ കാരറ്റ് തോട്ടമുണ്ടായിരുന്നു.അമ്മയും മിന്നുവും വൈകുന്നേരം വീട്ടിലെത്തിയാൽ കാരറ്റ് ചെടിയ്ക്ക് വെള്ളം ഒഴിച്ചു-



© Can Stock Photo - csp14636121

കൊടുക്കും.ഒരുനാൾ വൈകുന്നേരം വെള്ളം ഒഴിച്ചുകൊടുക്കുകയായിരുന്ന മിന്നു അതിനിടയിൽ ഒരു

കൊച്ചു പൂമ്പാറ്റ കാരറ്റ് ചെടിയുടെ മുകളിൽ
വന്നിരുന്നു.അവൾ വിചാരിച്ചു തേൻ നുകരാൻ
വന്നതാണെന്ന് പക്ഷേ പൂമ്പാറ്റയ്ക്ക് തേൻ നുകരാൻ
ഇവിടെ പൂക്കളൊന്നുമില്ലല്ലോ.അവൾ അമ്മയോട്
പറഞ്ഞു.അമ്മേ നമ്മുടെ കാരറ്റ് തോട്ടത്തിൽ ഒരു
പൂമ്പാറ്റ വന്നിരുന്നു.അമ്മേ നാളെ വരുമ്പോൾ
പൊന്നുവിനോടും ചിന്നുവിനോടും പൂക്കൾ
കൊണ്ടുവരാൻ പറയണം.എന്നിട്ട് നമുക്ക് അതിമ-
നോഹരമായ പൂന്തോട്ടം നിർമ്മിക്കാം "പിറ്റേ -
ദിവസം സ്കൂളിൽ നിന്ന് വരുമ്പോൾ മിന്നുവിന്റെ
കയ്യിൽ പലതരത്തിലുള്ള റോസ്,മുല്ല,ചെമ്പരത്തി
എന്നീ പൂക്കൾ നിറഞ്ഞിരുന്നു.അതുപയോഗിച്ച്
അവർ അതിമനോഹരമായ ഒരു പൂന്തോട്ടം
നിർമ്മിച്ചു.പിറ്റേ ദിവസം വന്ന പൂമ്പാറ്റയ്ക്ക് ഇതു
കണ്ട് സന്തോഷമായി.പൂമ്പാറ്റ വന്ന് തേൻ
കുടിക്കുന്നത് മിന്നുവും അവളുടെ അമ്മയും നോക്കി
നിന്നു.

**-അബിഷ.പി**

**ആറ്.എ**

*വിവരണം*

# കേരളം




കേരളം എത്ര
സുന്ദരമാണ്. കേരളത്തെ നമ്മുടെ
അമ്മയെ പോലെ
സ്നേഹിക്കണം. മലകളും
മരങ്ങളും പൂക്കളും എല്ലാം
കൊണ്ടും പുണ്ണ്യമായൊരു
ഇടമാണ് കേരളം.ദൈവത്തിന്റെ
സ്വന്തം നാട് എന്നാണ് കേരളം
അറിയപ്പെടുന്നത്. കളരിപ്പയറ്റ്
കേരളത്തിൽ ഒരുകലയാണ്.
കേരളത്തിന്റെ കലകളാണ്
കഥകളിയും
മോഹിനിയാട്ടവും.കേരളത്തിന്റെ
ഔദ്യോഗിക മൃഗമാണ് ആന
ഔദ്യോഗിക പുഷ്പം താമര
ഔദ്യോഗിക പക്ഷി വേഴാമ്പൽ.


സജിൽ കുമാർ. സി ടി

കഥ

# സഹോദരന്മാരുടെ മനസ് ഒന്നല്ല



ഒരിടത്ത് ഒരിടത്ത് അച്ചുവും കിച്ചുവും എന്നപേരുള്ള രണ്ട് ആൺകുട്ടികൾ പിറന്നിരുന്നു.അച്ചു വളരെ വികൃതിക്കാരനും പറഞ്ഞാൽ അനുസരിക്കാത്തവ-നായിരുന്നു.എന്നാൽ ഭാഗ്യത്തിന് അച്ചുവിനെ പോലെയല്ലായിരുന്നു കിച്ചു.കിച്ചു വളരെ നല്ലവനും വികൃതി കാട്ടാത്തവനും പറഞ്ഞാൽ അനുസരിക്കു-ന്നവനുമായിരുന്നു.ഒരുനാൾ അച്ചുവും കിച്ചുവും അക-ത്തിരുന്ന് കളിക്കുകയായിരുന്നു.അവരുടെ അച്ഛൻ ഇന്നലെ പുതിയ ഒരു ലൈറ്റ് കത്തുന്ന കാർ കൊടു-ത്തിരുന്നു.അച്ചുവിനും കിച്ചുവിനും ആകെ ഒരു കാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ.അച്ചുവിനോട് അച്ഛൻ പ്രത്യേകം പറഞ്ഞിരുന്നു "ഈ കാർ വെള്ളത്തിൽ ഇടരുത്"എന്ന്.ഇന്നാളൊരു ദിവസം അച്ഛൻ ഇങ്ങനെ തന്നെയുള്ള ഒരു കാർ വാങ്ങിയിരുന്നു. അച്ചു കിണറ്റിലേക്ക് നോക്കിയപ്പോൾ അത്



അവന്റെ കയ്യിൽ നിന്നും കിണറ്റിലേക്ക് വീണു. പാവം കിച്ചു അവൻ അതുപയോഗിച്ചതേയില്ല. അതിനാലാണ് അച്ഛൻ അവനോട് പ്രത്യേകം പറഞ്ഞത്.അച്ചു അത് അനുസരിച്ചു.അന്ന് വൈകുന്നേരം അവർ സ്കൂൾ വിട്ട് വന്നപ്പോൾ അച്ചു വേഗം ആ കാറുമായി കളിക്കാൻ തുടങ്ങി. കിച്ചു വേഗം ഭക്ഷണവും കഴിച്ച് വേഗം ഹോം വർക്കി-ലേക്കിതിരിഞ്ഞു.കിച്ചുവും അച്ചുവും കൂടി കളിക്കാൻ തുടങ്ങി.കിച്ചുവിന് കാർ കളിക്കാൻ അച്ചു കൊടു-ത്തതേയില്ല.പെട്ടെന്ന് മഴ പെയ്തു കിച്ചു പറഞ്ഞു. അച്ചൂ...ആ കാർ നനയ്ക്കരുത്.അച്ചു ആ കാർ മഴയ-ത്തുവച്ച് അത് കേടുവന്നു.വൈകുന്നേരം അച്ഛൻ വന്നപ്പോൾ കാർ എവിടെയെന്നു ചോദിച്ചപ്പോൾ അച്ചു ഒന്നും മിണ്ടാതിരുന്നു.അച്ഛനു മനസിലായി അച്ചു കാർ കേടുവരുത്തി എന്നത്.അച്ഛൻ അച്ചുവിനെ ചീത്ത പറഞ്ഞു.

***- അനാമിക.എം.എ***

***ആറ്.എ***

കഥ

# കാക്കയ്ക്കിരിക്കാൻ കൊമ്പുകൊടുത്താൽ

ഒരിക്കൽ ഒരു കാട്ടളൻ

കാക്കകടലിനക്കരെപോയി.
അരയന്നത്തോടൊപ്പമായിരുന്നു അവന്റെ

യാത്ര.അവർ ഒരുമിച്ച് കറുത്തനാടും

വെളുത്തനാടും കണ്ടു.കണ്ടെല്ലാം തീർന്ന-
പ്പോൾ കാട്ടാളന് കാക്കയ്ക്ക്



മതിയായി.അവൻ തിരികെ

പറന്നു.എന്നാൽ തിരികെ
പറക്കാൻ കൂടെ

അരയന്നമില്ലായിരുന്നു.അത്
വടക്കോട്ടോ തെക്കോട്ടോ

പറന്നു പോയിരുന്നു. ഒറ്റയ്ക്ക് കാട്ടാളൻ കാക്ക

കടലിനക്കരെ നിന്ന് തിരികെ പറന്നു.കാക്ക
ചിറകുകൾ തളർന്ന് കടലിനു മീതെ
പറക്കുന്നത് കണ്ട ചക്കര പൊന്മാവിന് സങ്കടം
തോന്നി.ചക്കര പൊന്മാവ് ഉറക്കെ വിളിച്ചു
പറഞ്ഞു"കാറ്റത്തിടം വലം പോകുന്ന
കാക്കേ...വന്നെന്റെ കൊമ്പിൽ
ഇരുന്നോളൂ...ഒന്നെന്റെ മാമ്പഴം തിന്നോളൂ... "
ചക്കരപൊന്മാവിന്റെ വാക്കുകൾ കേട്ടപ്പോൾ
കാട്ടാളൻ കാക്കയ്ക്ക് സന്തോഷമായി കാക്ക
വേഗം പറന്ന് ചക്കര പൊന്മാവിന്റെ കൊമ്പ-
ത്തിരുന്നു.എന്നിട്ട് ഒരു മാമ്പഴം കൊത്തി
തിന്നു.പിന്നെ മാവിൻ കൊമ്പിൽ ഒരൊറ്റ
കൊത്ത്.മാവിനു വേദനിച്ചു.മാവു പറഞ്ഞു
"കൊത്തല്ലേ...കൊത്തല്ലേ...വേദനിക്കുന്നു."അ
പ്പോൾ കാട്ടാളൻ  കാക്ക മാന്തി ചികഞ്ഞു.

*-അബിനീഷ്.പി 6 A*

കഥ

# അഹങ്കാരത്തിന് കിട്ടിയ ശിക്ഷ

ഒരിടത്ത് ഒരിടത്ത് ഒരു വിശാലമായ അരുവിയുടെ തീരത്ത് അതിവലുപ്പമുള്ള ഒരു ആൽമരം ഉണ്ടായിരുന്നു. അതിൽ രണ്ട് തത്തമ്മകൾ താമസിച്ചിരുന്നു. അവരുടെ അചഛനേയും അമ്മയേയും വേട്ടക്കാർ വലവെച്ച് കെണിയിൽ കുടിക്കി അതിൽ പിന്നെ അവരുടെ മക്കളായ രണ്ട് ഇരട്ട സഹോദരികൾ ഒറ്റക്കാണ്. അതിൽ ഒരാളുടെ പേര് ചിന്നു എന്നായിരുന്നു. ഇവർ നല്ല അഹങ്കാരികളായിരുന്നു. പക്ഷെ ഇവളുടെ ഇരട്ടസഹോദരിയായിരുന്ന മിന്നു. വളരെ ബദ്ധിശാലിയും സ്നേഹമുള്ളവളുമായിരുന്നു. ചിന്നു എപ്പോഴും മിന്നുവിനെ അഭായപ്പെടുത്താൻ ശ്രമിക്കും കാരണം മിന്നു എല്ലാവരോടും സ്നേഹത്തോടെയാണ് പെരുമാറുക. ചിന്നു ആരോടും നല്ല രീതിയിൽ പെരുമാറില്ല. അങ്ങനെ ഒരു ദിവസം ചിന്നു ഒരു വേട്ടക്കാരനെ തേടി ഇറങ്ങി. അങ്ങനെ കാട്ടിൽ ഒരു വേട്ടക്കാരനെ കണ്ടു അവൾ അങ്ങോട്ട് പോയി. ആ വേട്ടക്കാരൻ ചിന്നുവിനെ കണ്ടു. പെട്ടെന്ന് വേട്ടക്കാരൻ തോക്കെടുത്തു. അവൾ അങ്ങോട്ട് ചെന്നു അവൾ പറഞ്ഞു "അയ്യോ അരുത് എനിക്ക് ഒരു സഹോദരിയുണ്ട് അവളെ

എങ്ങെനെയെങ്കിലും വലയിൽ വീഴ്ത്തണം". വേട്ടക്കാരൻ പറഞ്ഞു " നീ എന്നെ പറഞ്ഞു പറ്റിക്കുകയാണോ." ചിന്നു പറഞ്ഞു "അയോ അല്ല വല നിങ്ങൾക്ക് ഇഷ്ടമുള്ള ഇടത്ത് വിരിക്കാം." വേട്ടക്കാരൻ പറഞ്ഞു "എന്നാൽ ശരി." അതു പറഞ്ഞ് ചിന്നു തിരിച്ചു പോയി.

പിന്നെ ഒരു ദിവസം മിന്നുവും ചിന്നുവും കൂട്ടി തീറ്റ തേടി കാട്ടിൽ പോകാൻ ഇരിക്കേ വേട്ടക്കാരൻ വല വിരിച്ചിരുന്നു അത് ചിന്നുവിന് അറിയില്ലായിരുന്നു എവിടെയാണ് എന്ന് ചിന്നുവും മിനുവും കൂടി പാറി നടക്കുമ്പോൾ പെട്ടെന്ന് ഒരു "അയ്യോ" എന്ന ശബ്ദം ചിന്നു വലയിൽ കുടുങ്ങി മിന്നു രക്ഷപ്പെട്ടു. മിന്നുവിനെയും ചിന്നുവിനെയും കാണാൻ ഒരുപോലെ ആയതു കൊണ്ട് വേട്ടക്കാരന് അത് ആരാണെന്ന് മനസ്സിലായില്ല. ചിന്നുവലയിൽ പ്പെട്ട് കിടക്കുകയാണ് പെട്ടെന്ന് മിന്നു അണ്ണാരകണ്ണനെ കൂട്ടി ചിന്നുവിന്റെ അടുത്തെത്തി എന്നിട്ട് അണ്ണാരകണ്ണൻ ആ വല മുറച്ചു. പിന്നെ മിന്നുവും ചിന്നുവും പരന്നകന്നു.അവർ സന്തോഷത്തോടെ ജീവച്ചു.

{ വടി കൊടുത്ത് അടി വാങ്ങി മിന്നു. ആപത്തിൽ പെടുത്താൻ നോക്കിയവളെ സംരക്ഷിച്ച മിന്നു.}

-ദേവപ്രിയ. കെ വി

*6 A*

കഥ

# ഓണത്തുമ്പിയുടെ കഥ

ഒരിടത്ത് ഒരു പൂന്തോട്ടത്തിൽ കുറേ തുമ്പികൾ ഉണ്ടായിരുന്നു. ആ കൂട്ടത്തിൽ ഒരു വാലില്ലാത്ത തുമ്പിയുണ്ടായിരുന്നു. വാലില്ലാത്തതുകൊണ്ട് അവന് മറ്റ തുമ്പികളോടൊപ്പം ഉയരത്തിൽ പറക്കാൻ കഴിയില്ലായിരുന്നു. ഒരു ഓണക്കാലത്ത് കൂട്ടുകാരെല്ലാം ആകാശത്ത് പറന്ന് നടക്കുന്നത് കണ്ട് വാലില്ലാത്ത തുമ്പി തോട്ടത്തിൽ വിഷമിച്ചിരിക്കുകയായിന്നു. അപ്പോൾ അതാഒരു സൂര്യ കന്തി ചിരിക്കുകയായിരുന്നു. അപ്പോൾ അതാ വാലില്ലാ തുമ്പി സൂര്യകാന്തി ചെടിയുടെ അടുത്തുചെന്നു. എന്നിട്ട് തന്റെ കുഞ്ഞിചിറകുകൾ വീശി ചെടിക്ക് കാറ്റേകി. കാറ്റ കൊണ്ടപ്പോൾ ചെടയുടെ ക്ഷീണമെല്ലാം മാറി. " നന്ദി ചങ്ങാതി " സൂര്യകാന്തി ചെടിപറഞ്ഞു. ഈ കാഴചകളെല്ലാം ആകാഷത്തു നിൽക്കുന്ന സൂര്യഭഗവാൻ കാണുന്നുണ്ടായിരുന്നു. സൂര്യഭഗവാൻ വിളിച്ചുപറഞ്ഞു " വാലില്ലാത്ത തുമ്പി നിന്റെ നന്മയ്ക്ക് ഞാമൊരു സമ്മാനം നൽകുകയാണ്. ഇനിമുതൽ നിനക്ക് ഓണവെയിലിന്റെ മഞ്ഞ നിറമായിരിക്കും. ആളുകൾ നിന്നെ ഓണതുമ്പി എന്ന് വിളിക്കും". പെട്ടെന്ന് വാലില്ലാത്ത തുമ്പിയുടെ നിറം മാറി അവൻ നീണ്ടവാലുള്ള ഓണതുമ്പിയായിമാറി സന്തോഷത്തോടെ പൂന്തോട്ടത്തിൽ പാറി പാറി നടന്നു.

**അശ്വിൻ. എം ആർ 6A**

ലേഖനം

## നമ്മുടെ മലയാളം

പണ്ടത്തെ മലയാളം കേട്ടാൽ "ഒന്നു മലയാളത്തിൽ പറയാമോ ? " എന്നാവും നമ്മൾ ചോദിക്കുക!!! ആ മലയാളത്തിൽ നിന്ന് ഇന്നത്തെ ഈ മലയാളമായത് നൂറ്റാണ്ടുകൾ കൊണ്ടാണ്. തമിഴും സംസ്കൃതവുമടക്കമുള്ള ഭാഷകളുടെയും മഹാന്മാരായ ഭാഷാപണ്ടിതന്മാരുടെയും എഴുത്തുകാരുടെയും ഒക്കെ സഹായത്തോടെ മലയാളഭാഷ വളർന്ന് ഇന്നത്തെ രൂപത്തിൽ എത്തുകയായിരുന്നു. 'മലകളുടെ നാട് ' എന്ന അർത്ഥത്തിൽ നാടിന് കിട്ടിയ പേര് പിന്നീട് ഭാഷയ്ക്ക് സ്വന്തമായി മാറി . കേരളത്തിനു പുറമെ ലക്ഷദ്വീപിനേയും പുതുച്ചേരിയിലേയും ഔദ്യോഗിക ഭാഷകളിലൊന്നാണ് മലയാളം . ഇന്ത്യയിൽ ഏകദേശം 3.8 കോടി ആളുകൾ മലയാളം സംസാരിക്കുന്നു എന്നാണ് കണക്ക്.

***അനന്യ . ഷിബു . പി -8 B***

***വിവരണം***

# ഇരുവഴിഞ്ഞി പുഴ

"എന്നു നിന്റെ മൊയ്തീൻ" എന്ന കഥയ്ക്ക് ഇരുവഴിഞ്ഞി പുഴ സാക്ഷിയായി. ഇരുവഴിഞ്ഞി പുഴ കളകളാരവത്തോടെ - ഒഴുകുകയാണ്. അതിൽനിന്ന് തുള്ളിക്കളിക്കുന്ന പരൽമീനുകൾ അതിന്റെ ആർദ്രഭംഗി കൂട്ടുകയാണ്. മലിനമാക്കാതെ സംരക്ഷിക്കുന്ന നമ്മുടെ ഇരുവഴിഞ്ഞി പുഴ അത് അതിന്റെ ഭംഗി തെളിയിച്ചുകൊണ്ടു മുന്നോട്ട് ഒഴുകുന്നു.



ഇരുവഴിഞ്ഞി പുഴയുടെ അരികിലൊക്കെ മരങ്ങളാൽ സമൃദ്ധമാണ്. ഉരുളൻ കല്ലുകളിലൂടെയും വലിയ പാറകളിലൂടെയും ഒഴുകി നടക്കുകയാണ് നമ്മുടെ ഇരുവഴിഞ്ഞി പുഴ. ഇരുവഴിഞ്ഞി പുഴയുടെ അരികിൽ ചെന്നിരുന്നാൽ എന്തൊരു കാറ്റാണെന്നോ. ഇരുവഴിഞ്ഞി പുഴയുടെ ചുറ്റും പച്ചക്കല്ലുപോലെ നിൽക്കുന്ന പുൽപരപ്പുകൾ ഇതിന്റെ വശ്യഭംഗി കൂട്ടുന്നു.

ദേവപ്രിയ. കെ.വി 6 A

കഥ

# മിന്നുവും ചിന്നുവും കൂട്ടുകാരാണോ?

ഒരിടത്ത് ഒരിടത്ത് മിന്നു എന്നും ചിന്നു എന്നു പേരുള്ള രണ്ട് സുന്ദരികുരുന്നുകൾ താമസിച്ചിരുന്നു. അതിൽ ചിന്നു അഹങ്കാരരയായിരുന്നു. മിന്നുവിനെ എങ്ങനെയെങ്കിലും ചതിയിൽ കുരുക്കണം എന്ന ഒരു ചിന്തമാത്രമേ ഉണ്ടായിരുന്നുള്ളു . മിന്നു പാവമായിരുന്നു. ചിന്നുവിന്റെ മനസ്സുതന്നെ ചതിയിൽ കുരുക്കണമെന്നാണ് എന്ന് മിന്നുവിനറിയില്ലായിരുന്നു. മിന്നുവന് ഒരു മാജിക്ക് പാവയുണ്ടായിരുന്നു. അത് തനിയെ ചലിക്കുമായിരുന്നു. ഒരുനാൾ അവരുടെ സ്കൂളിൽ കലാമേള നടത്തി അതിൽ മിന്നുവും ചിന്നുവും പങ്കെടുത്തു.അതിൽ ഒരു നാടകമായിരുന്നു അവർ തിരഞ്ഞെടുത്തത്

അതിൽ മിന്നു പുലിയും അവളെ കണ്ട് ചിന്നു നിലവിളിച്ച് ഓടണം എന്നായിരിന്നു. ചിന്നു മനസ്സിൽ വിചാരിച്ചു ഞാൻ പേടിച്ച് ഓടിയാൽ എല്ലാവരും കൂകും അതിനേക്കാൾ നല്ലത് ഞാൻ പേടക്കാതെ നിൽക്കുന്നത് എങ്കിൽ എനിക്ക് ഇത്രയും ധൈര്യമാ എന്ന് എല്ലാവരും മിന്നുചമ്മിപ്പോകും എന്നായിരുന്നു ചിന്നുവിന്റെ വിചാരം. ഇതറിഞ്ഞ മിന്നുവിന്റെ പാവ മിന്നുവനെ ഒന്നു തൊട്ടു അതോടെ മിന്നു ശരിക്കത്തെ പുലിയായി മാറി. മിന്നുവും ചിന്നുവും സ്റ്റേജിൽ കയറിയപ്പോൾ പാവം ചിന്നു ശരിക്കും പേടിച്ചു. പേടിക്കാതിരിക്കുമോ ശരരക്കത്തെ പുലിയായിരുന്നു അത്. ടീച്ചർ മാർ അഭിനന്ദിച്ചു. ചില്ലു ചമ്മിപ്പോയി അഹങ്കാരം പാടില്ല അത് ആരോടായാലും അത് പാടില്ല.

-അനാമിക . എം.എ

6.A

*വിവരണം*

## മനോഹരമായ പൂന്തോട്ടം

നമ്മൾ എല്ലാവരും പൂന്തോട്ടം

കണ്ടിട്ടുണ്ടാവും.നമ്മൾ പൂന്തോട്ടത്തിൽ

നിത്യേന കാണുന്നവയാണ് പൂക്കൾ

അതിൽ തേൻകുടിക്കാനെത്തുന്ന പൂമ്പാറ്റയും

മറ്റുജീവികളും.നിങ്ങളുടെയും എന്റെയും

വീട്ടിലുണ്ടാകുന്നതാണ് പൂക്കൾ.

പൂക്കളോടും പൂമ്പാറ്റകളോടും തേനിനോടും

ഇഷ്ടമില്ലാത്തവർ ഇല്ല.പൂക്കൾ നമ്മൾ പല

പൂജകൾക്കും ഉപയോഗിക്കാറുണ്ട്.പൂക്കൾ

ഒരു അലങ്കാര വസ്തുവാണ്.

***അനാമിക.എം.എ 6A***

*വിവരണം*

# വെള്ളച്ചാട്ടം

കുടുകുടാ കുത്തിയൊലിക്കുന്ന വെള്ളച്ചാട്ടം. പാറകളും മരങ്ങളും താണ്ടി വെള്ളച്ചാട്ടം അതിന്റെ ശക്തി തെളിയിക്കുകയാണ്. ആർത്തുല്ലസിക്കുന്ന പരൽമീനുകൾ, തണുത്ത ശുദ്ധമായജലം, വെള്ളച്ചാട്ടങ്ങൾ ഉള്ള സ്ഥലങ്ങൾ ഇപ്പോൾ വിനോദസഞ്ചര-സ്ഥലമാണ്. കാണാൻ ആരും കൊതിക്കുന്ന വെള്ളച്ചാട്ടം, അവയുടെ ഭംഗി തെളിയിക്കുന്നത് അതിന്റെ ശക്തിയിലൂടെയാണ്. അപാരശക്തിയുള്ളവയാണ് വെള്ളച്ചാട്ടം. വെള്ളച്ചട്ടത്തിനെ ഇംഗ്ലീഷിൽ 'WATER FALLS' എന്നു പറയുന്നു.



-അനാമിക. എം. എ **6.A**

കഥ

# ചിന്നുവും

# അമ്മുവും

ചിന്നുവിന് അമ്മയും അച്ഛനും മുത്തശ്ശിയും മുത്തശ്ശനും കുഞ്ഞനുജനും ഉണ്ട്.പിന്നെ അമ്മു എന്ന് പേരുള്ള ഒരു പൂച്ചക്കുട്ടിയും ഉണ്ടായിരുന്നു.അമ്മുവിന്റെ കുറുമ്പ്കണ്ടാൽ ചിന്നുവിന് സന്തോഷമാണ്ഉണ്ടാകുന്നത്ത് എന്നാൽ അമ്മുവിന് ആരെങ്കിലും കരയിപ്പിച്ചാൽ ചിന്നുവിനും കരച്ചിൽ വരും.ചിന്നുവിന് അമ്മുവില്ലാതെ ഉണ്ണാനുംഉറങ്ങാനും കഴിയില്ല.ഒരിക്കൽഅമ്മുവിന് പനി



വന്നത് അറിയാതെ നിന്നപ്പോൾ ചിന്നുവിന്

സങ്കടം വന്നു.മിണ്ടാതെ കിടക്കുന്നത് കണ്ടപ്പോൾ തൊട്ട്നോക്കിയതാണ്എന്തൊരു പനി എന്ന് പറഞ്ഞ് അമ്മുവിനെഎടുത്തു കൊണ്ടുപോയി.വീട്ടിലെ-
ത്തി എന്നിട്ട് ആശുപത്രിയിലേക്ക്
കൊണ്ടുപോയി.ഡോക്ടർ പറഞ്ഞു ഈ പൂച്ചകുട്ടിമരിച്ചു പോയി എന്ന്.അത് കേട്ട ചിന്നുവിന് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല.അമ്മുവിനെവീട്ടിൽ കൊണ്ടുപോയി മറവു ചെയ്തു.ചിന്നു ഉണ്ണുകയോ ഉറങ്ങുകയോ ചെയ്തില്ല. അത് കണ്ട് അമ്മയും അച്ഛനും സങ്കടം വന്നു.അവർ പട്ടണത്തിൽ പോയിഒരു പൂച്ചക്കുട്ടിയെ വാങ്ങി കൊണ്ടു വന്നു.അമ്മുപൂച്ചക്കുട്ടിയെ ഇതാ ചിന്നുമോളെ കാണിച്ചു കൊടുത്തു ,എന്നിട്ട് പറഞ്ഞു നീ നിന്റെ അമ്മുവിനെ കൊണ്ട് നടന്നോ.

-അഞ്ജന.കെ.ടി

8 B

കഥ

# കാട്ടിലെ സുന്ദരി



കാട്ടിലെ രാജാവായ സിംഹം എല്ലാവരേയും വിളിച്ചു . എന്നിട്ട് ഗ്രാമസഭ നടത്താനുള്ള തയ്യാറാണ്. അധ്യക്ഷൻ ; മിമി കുറുക്കൻ , ചിന്നു മുയൽ , സെക്റ്ട്ടറി കിട്ടു കരടി. എല്ലാവരും കൂടി തയ്യാറായി . ചായയും ലഡുവും നൽകി. പിന്നീട് കാട്ടു രാജാവ് ഇതെല്ലാം കഴിഞ്ഞു എല്ലാവരേയും പിരിച്ചു വിട്ടു . ചിന്നുമുയലിനെ കൂട്ടാൻ വേലക്കാരൻ വന്നു. ചിന്നു മുയലിന്റെ മകന്റെ പേര് മിട്ടു . മിട്ടുവിന് ഒരു ജോലിയുണ്ട്. സർക്കാർ ജോലി. ചിന്നു മുയലിന്റെ വേലക്കാരന്റെ മകളാണ് ഗായത്രി മോൾ. മിട്ടു മുയലിന് ഗായത്രിയെ ഇഷ്ടമായിരുന്നു . പക്ഷേ ഗായത്രി മോൾക്ക് അങ്ങനെ അല്ലായിരുന്നു. പാവമായിരുന്നു ഗായത്രി. ചിന്നു മുയൽ എവിടെ നിന്ന് വിളിച്ചാലും അവൾ ഓടിയെത്തും . അങ്ങനെ ഒരു ദിവസം ഗായത്രി മോൾക്ക് വല്ലാത്ത തലവേദന വന്നു . അപ്പോൾ അവൾ തന്റെ നാട്ടിലേക്ക് പോയി. ഇതു കേട്ട മിട്ടുമുയലിന് വല്ലാത്ത സങ്കടമായി. അപ്പോഴാണ് ചിന്നുമുയൽ തന്റെ പഴയ നാട്ടിലേക്ക് പോകുന്നുണ്ടെന്ന് മിട്ടുമുയൽ അറിഞ്ഞത്. കൂടെ അവനും പോയി. അവിടെ നിന്ന് മിട്ടുവിന്റെ കല്യാണം ആണെന്ന് അവൻ അറിഞ്ഞു. നാണിയമ്മയുടെ മകൾ മിന്നു മുയലാണ് വധു. ആ കല്യാണത്തിന് ഗായത്രി സദ്യ കഴിക്കാൻ വന്നു. അങ്ങനെ അവളെ കെട്ടാൻ നല്ലൊരു ചെറുക്കൻ വരുമെന്ന് മിട്ടു പ്രതീക്ഷിച്ചു . അവൻ പ്രതീക്ഷിച്ചപോലെ നടന്നു . ഗായത്രിയെ കല്യാണം കഴിക്കാൻ കാട്ടിലെ രാജകുമാരൻ വന്നു. ഗായത്രി രാജകുമാരനെ കല്യാണം കഴിച്ച് കാട്ടിലെ സുന്ദരിയായ രാജകുമാരിയായി ജീവിച്ചു. മിട്ടു മിന്നുവിന്റെ കൂടെയും ജീവിച്ചു.

- അംല എം . എസ് 5 A

കഥ

# പാലപ്പൂവ് വിരിയുന്ന സമയം

ഒരു കാട്ടിൽപാലമരം ഉണ്ടായിരുന്നു.അവിടെ ആ പാലമരത്തിന്റെ ചുവട്ടിൽ പാലപ്പൂവ് എടുക്കാൻ അവൾ വരും.പാലമരവും പൂവും അവൾക്ക് ഏറെ ഇഷ്ടമാണ്.അവളുടെ പേര് മിന്നു എന്നാണ്.അവൾക്ക് അച്ഛനും അമ്മയും ഇല്ല.അവർ മരിച്ചു പോയിരുന്നു.അവൾ ഒറ്റയ്ക്കാണ് താമസം.രാത്രിയിൽ കിടന്നുറങ്ങുന്ന സമയത്ത് പാലപ്പൂവ് വിരിഞ്ഞ മണം ലഭിച്ച് അവൾ വേഗം എഴുന്നേറ്റ് പാലമരത്തിന്റെ അടുത്തേക്ക് ചെന്നപ്പോൾ സമയം 11:30 ആയിരുന്നുരാത്രി



പകലാണെന്ന് ധരിച്ച് അവൾ നടക്കാൻ തുടങ്ങി.ചന്ദ്രന്റെ നിലാവിൽ അങ്ങനെ നടക്കാൻ തുടങ്ങി.പുല്ലിലൂടെയും കാട്ടിലൂടെയും നടന്ന് അവൾ പാലമരത്തിന്റെ അടുക്കൽ എത്തി. പലവട്ടം ചാടി നോക്കിയിട്ടും പാലപ്പൂവ് അവൾക്ക് ലഭിച്ചില്ല.അടുത്തു കിടന്ന വടി എടുത്ത് അവൾ തല്ലാൻ തുടങ്ങി ചില്ല കുലുങ്ങിയപ്പോൾ പൂവ് താഴേക്ക് വീണു.അത് എടുത്ത് അവൾ ആ മരത്തിന് ചുവട്ടിൽ ഇരുന്നു.ആകാശത്ത് തിളങ്ങുന്ന നക്ഷത്രങ്ങളെ നോക്കി അവൾ അങ്ങനെ വിചാരിച്ചിരുന്നു ആ നക്ഷത്രക്കൂട്ടങ്ങളിൽ തന്റെ അച്ഛനും അമ്മയും ഉണ്ടാകുമെന്ന് ചിന്തിച്ചു.അവൾ നക്ഷത്രങ്ങളോട് ആഗ്രഹം പറഞ്ഞു,തന്റെ അച്ഛന്റെയും അമ്മയുടെയും അടുത്ത് പോകണം എന്ന് .അന്ന് നേരം പുലർന്നപ്പോൾ അവൾ മരിച്ചിരുന്നു.കാലിൽ രണ്ട് കുത്തുകൾ ഉണ്ടായിരുന്നു.

ദേവതീർത്ഥ.പി 8A

# അമ്മയ്ക്ക് കൊടുത്ത വാക്ക്

***കഥ***

ഒരു ഗ്രാമം എണ്ണത്തക്ക വിധത്തിൽ ഏതാനും വീടുകൾ അതിൽ ഒരു വീട്ടിലാണ് ഗൗരി എന്ന സുന്ദരിക്കുട്ടി താമസിക്കുന്നത് ആറാം ക്ലാസിൽ പഠിക്കുന്ന ഇവൾ പഠനത്തിലും കലയിലും തന്റെ കയ്യൊപ്പുകൾ



പകർത്തിയിട്ടുണ്ട് . സ്കൂളിലെ മിടുക്കി ടീച്ചർമാരുടെ ഓമന പിന്നെ എന്തു വേണം . പക്ഷേ എത്ര പഠിച്ചിട്ടും കാര്യമില്ല എന്ന രീതിയിലാണ് വീട്ടിലെ കാര്യം . 'ദാരിദ്രം' നേരത്തിന് ഭക്ഷണമില്ല യഥാർതത്തിൽ ഉടുതിണിക്ക് മറുതുണി ഇല്ല എന്നും പറയാം അതാണ ഗതി . അന്നത്തെ

ഒരു വിധം എല്ലാവർക്കും ദാരിദ്രമായിരുന്നു അതിനാൽ പഠിക്കാൻ പോയില്ല . പക്ഷെ ഗൗരിയുടെ അമ്മയ്ക്ക് ഒരേ നിർബന്ധം മകൾ പഠിക്കണമെന്ന . ഗൗരിക്കൊരു ഏട്ടനുണ്ട് . മഹാവികൃതിയാ എന്നാലും അനുജത്തി എന്നാൽ ജീവനാ . ഒരു ദിവസം അമ്മ രാത്രി ഗൗരിയോടും ഏട്ടനോടുമായി ചോദിച്ചു.''മക്കളെ അച്ഛൻ എവിടെയെന്നറിയില്ല എന്റെ മക്കളാണ് എന്നെ നോക്കണ്ടതെന്ന്''മക്കൾ അന്നെടുത്ത തീരുമാനമാണ് അമ്മയെ കയ്യി വിടില്ലന്ന് . അന്നു രാത്രിയും പടിണിയായിരുന്നു . വിശപ്പുമണ്ടെങ്കിൽ വിശപ്പടക്കാൻ വീടിനു മുന്നിലെ പേരയും മാവും തെങ്ങും എല്ലാം അവർക്ക് സഹായകമായിരുന്നു . ഗൗരി പത്താം ക്ലാസിലെത്തി പഠിച്ചും എഴുതിയും മാസങ്ങൾ പോയി ആ ദാരിദ്രത്തിൽ നിന്നും അവൾ ഉയിർത്തെഴുന്നേറ്റു . വിധി അവളെ കയ്യ വീട്ടില്ല . സ്കൂളിലേക്കുംവച്ച് അവൾക്കാണ് ഒന്നാം റാങ്ക് പഠനം നിർത്തിയില്ല കാലത്തിന്റെ പോക്കുകൊണ്ട് ഗൗരിയുടെ ഏട്ടൻ ചെറിയ ജോലിയിൽ കയറി . പിന്നെ ഗൗരി പഠിക്കുന്ന ശേഷം അവൾ ലോകത്തെ ഞെട്ടിച്ചു. I.A.S ൽ വൻകിട കമ്പനിയിൽ ഇന്ന് ആ അമ്മ അഭിമാനിക്കുന്നു . എന്റെ മക്കൾ തന്നെ എന്റെ അഭിമാനം എന്ന രീതിയിൽ ആ മക്കൾ അമ്മയെ കയ് പിട്ടില്ല.

-ഗീതിക.സി 6 A

കഥ

# പാഞ്ഞെത്തിയ ആ വാഹനം

ആനക്കൊമ്പ് താഴ്ത്തിപിടിച്ച് എന്നെ ഇടിക്കാൻ വരുന്നു . പെട്ടെന്ന് ഒരു മൊബൈലിന്റെ ശബ്ദം കേട്ട് ഞാൻ ഉണർന്നു.സ്വപ്നത്തിൽ കണ്ട ആ ആന അപ്പോഴും അവിടെ ഉണ്ടായിരുന്നു.കിടക്കയിൽ നിന്ന് ഉണർന്ന് അലാറം ഓഫാക്കി.പിന്നെ എഴുന്നേറ്റു.അടുത്തുള്ള ലൈറ്റ് ഓണാക്കി പഠിക്കുന്ന മേശയുടെ അടുത്തേക്ക് ചെന്നു . മേശയ്ക്ക് മുകളിൽ അടുക്കി വച്ച പുസ്തകമെടുത്ത് വായിച്ചു.എന്നാൽ വീണ്ടും ഉറക്കത്തിലേക്ക് വലിക്കുന്നുണ്ടായിരുന്നു.തണുത്ത വെള്ളമെടുത്ത് മുഖം കഴുകി. അപ്പുറത്തെ മുറിയിൽ നിന്ന് അമ്മ എഴുന്നേറ്റു വന്നു.അമ്മ സ്നേഹത്തോടെ എന്റെ തലയിൽ തലോടി . കൊച്ച് പുഞ്ചിരിയുമായി എന്നോട് പറഞ്ഞു മോൻ പോയി വായിക്കെന്ന്.ഞാൻ തിരിഞ്ഞ് അമ്മയെ നോക്കി പുഞ്ചിരിച്ചു. എന്നിട്ട് വീണ്ടും പോയി വായിച്ചു . പുസ്തകം വായിച്ച് കഴിഞ്ഞപ്പോൾ ഞാൻ വീടിന് പിറകിലേക്ക് ചെന്നു.ഒരു തണുത്ത ഇളം കാറ്റ് എൻ

മുന്നിലൂടെ വീശി.പൂജാമുറിയിൽ ചെന്ന് പ്രാർത്ഥിച്ചു . അമ്മയുണ്ടാക്കിയ രുചിയുള്ള ദോശ കഴിച്ചു. കയ്യിൽ കെട്ടിയ വാച്ച് നോക്കി സമയം 9 മണി. ബസ് കാത്തിരിക്കാൻ അങ്ങാടിയിലേക്കു നടന്നു. പിറകിലൂടെ ഒരു വണ്ടിയുടെശബ്ദം.ഞാൻതിരിഞ്ഞുനോക്കി.അതൊരു കാറായിരുന്നു. അവർ ചിരിച്ചുക്കൊണ്ടെന്നോട് പറഞ്ഞു. മോനേ..........കാറിൽ കയറിക്കോ ഞാൻ ആക്കാം സ്കൂളിൽ. ഞാൻ അവരോട് അതേ രൂപത്തിൽ വേണ്ട ഞാൻ ബസിൽ പോയിക്കോളാം എന്ന് പറഞ്ഞു . എന്നിട്ട് മുന്നോട്ട് നടന്നു. എന്നാൽ അവർ എന്റെ പിന്നാലെ തന്നെ വന്നു.കാറിന്റെ പിറകിലെ വാതിൽ തുറന്നു.അവർ എന്നെ അകത്തേക്ക് വലിച്ചു.ഞാൻ ഉറക്കെ കരഞ്ഞു.അവരെന്റെ വായ പൊത്തി പിടിച്ചു. അപ്പോൾ വേറെ ഒരാൾ ഒരു കുപ്പിയിലെ വെള്ളം ടവ്വലിലാക്കി എന്റെ മുഖത്ത് വെച്ചു. ഞാൻ ഒരു ഏകാന്തതയിലേക്ക് വലിഞ്ഞു . ഞാൻ കണ്ണുകൾ അടച്ചു .

ആർദ്ര.യു.കെ

8 B

കഥ

# രാപ്പാടിയുടെ ഗാനം



ഒരിടത്ത് രാപ്പാടി എന്ന കിളി ഉണ്ടായിരുന്നു. അവളുടെ ഗാനം അതിമനോഹരമായിരുന്നു. ഒരു ദിവസം വടക്ക് ദിശയിൽ നിന്ന് ഒരു പരുന്ത വരുന്നത് അവൾ കണ്ടുതന്നെപിടിക്കാനായിരുന്നു. അവളുടെ ലക്ഷ്യം . കിളി ഓടി ഒരു പൊത്തിനുള്ളിൽ ഒളിച്ചു. അങ്ങനെ ഒരു ദിവസം ഒരു ആൺരാപ്പാടി അതുവഴി പോകുമ്പോൾ രാപ്പാടിയുടെ ഗാനത്തിലും സൗന്ദര്യത്തിലും ആൺരാപ്പാടിലയിച്ചു പോയി. അവന് ഏറെ ഇഷ്ടമായി അവളെ ലഭിക്കണം എന്ന് അവൻ ആഗ്രഹിചിച്ചു. പുറ്റേന്ന് ആൺകിളി അവളുടെ അടുത്ത് വന്നപ്പോളപ്പോൾ അവൾക്ക്ആണ്കിളിയെ ഏറെ ഇഷ്ടമായി. അവർപരസ്പരംഇഷ്ടമാണ് എന്ന്കണ്ണിൽ നോക്കി പറഞ്ഞു. അവർ ഇണകളായി ജീവിച്ചു. രാപ്പാടികൾ ഒരുമിച്ച് ഗാനം തുടങ്ങി ആ കാട്ടുമുഴുവൻ ആ ഗാനത്തിൽ ലയിച്ചു. രാപ്പാടിയുടെ ഗാനം അത്ര മനോഹരമായിരുന്നു. പൂവുകൾ, ചെടികൾ എല്ലാം രാപ്പാടിയുടെഗാനത്തിൽ കാറ്റിൽ ആടി കളിച്ചു. അവരുടെയും മൃഗപക്ഷി ജീവജാലങ്ങളുടെയും മനോഹരമായ ഗാനം കേട്ടാണ് അവരുടെ ജീവിതത്തിന് അർത്ഥം ഉണ്ടായത്.

ദേവതീർത്ഥ. വി. പി - 8 A

# ചിക്കുവും കിങ്കുവും



പണ്ടൊരു ഗ്രാമത്തിൽ രണ്ട് കുട്ടികൾ ഉണ്ടായിരുന്നു.അവരുടെ പേര് ചിക്കുവും കിങ്കുവുമാണ് .ചിക്കു മഹാവികൃതിക്കാരനാണ് .കിങ്കു അങ്ങനെ ഒന്നുമല്ല .അവർ ഒരു ദിവസം നഗരത്തിലേക്ക് പോവുകയായിരുന്നു .കുറച്ച്എത്തിയപ്പോൾ ചിക്കുവിനും കിങ്കുവിനും ക്ഷീണംതോന്നി. ഒരു മരച്ചുവട്ടിൽ ഇരുന്നു .അവർ വീണ്ടും നടക്കാൻ തുടങ്ങി .അവർ അങ്ങനെ നഗരത്തിൽ എത്തി ചേർന്നു .അവിടെ ധാരാളം കടകളുണ്ടായിരുന്നു .ചിക്കു ഒരു കടകണ്ടു .ആ കടയിൽ ധാരാളം പാവകളുണ്ടായിരുന്നു .

അവന് ആ പാവകൾ വളരെ ഇഷ്ടമായി .അവനത് ആരും കാണാതെ എടുക്കണമെന്ന് അവൻ കിങ്കുവിനോട്പറഞ്ഞു .പക്ഷേ കിങ്കു അവനെ തടഞ്ഞു .ചിക്കു അത്


കേൾക്കാതെ പാവ എടുക്കാൻ പോയി .അവൻ ആ കടയുടെ മുമ്പിലെത്തി .എന്നിട്ട് അവൻ ആരും കാണാതെ ആ പാവ എടുത്തു.ആ കടക്കാരൻ അവൻ പാവ എടുക്കുന്നത് കണ്ടു .ആളുകൾ അവനെ വഴക്കുപറഞ്ഞു .അവൻ ഉറക്കെ കരഞ്ഞു .പിന്നീട് ഒരിക്കലും അവൻ കള്ളത്തരം കാണിച്ചില്ല.

നന്ദുസനീഷ് 6A

കഥ

# പിരിയാത്ത കൂട്ടുകാർ

ഒരു സുപ്രഭാതം കിളികളുടെ സ്വരമധുരമായ ഗാനങ്ങൾ കൊണ്ടും സൂര്യന്റെ പൊൻകിരണങ്ങൾ കൊണ്ടും കാട് അതിമനോഹരമായിരിക്കുന്നു.ആ കാടിൽ കളകള ശബ്ദത്തോടെ ഒഴുകി വരുന്ന കാട്ടരുവികൾ,പൂത്തുലഞ്ഞു നിൽക്കുന്ന ചെടികൾ ,കായ്കനികൾ നിറഞ്ഞ വൃക്ഷങ്ങൾ, ആ മനോഹരമായ കാട്ടിലൂടെ പാറി നടക്കുന്ന ശലഭങ്ങൾ. അവർ വളരെ നല്ല



സുഹൃത്തുകളായിരുന്നു.

അങ്ങനെയിരിക്കെ ഒരു പ്രഭാതത്തിൽ സുഹൃത്തുകളായ ശലഭങ്ങൾ തേൻ കുടിക്കുവാൻ കാട്ടിൽ നിന്ന് ഗ്രാമത്തിലേ-ക്ക് പോകുകയായിരുന്നു.അപ്പോൾ ഒരു പൂന്തോട്ടത്തിൽ കുറെ പൂക്കൾ വിരിഞ്ഞുനിൽക്കുന്നുണ്ടായിരുന്നു. അതിനടുത്ത് കുറെ കുട്ടികൾ കളിച്ചുകൊണ്ടിരിക്കുകയായി-രുന്നു. തേൻ കുടിക്കുവാനായി പൂവിനടുത്തേക്ക് പോയപ്പോ-ൾ ഒരു വികൃതി കുട്ടി പൂമ്പാറ്റയെ പിടിക്കാനായി പൂവിമടുത്തേക്ക് ഓടിവരുന്നതു കണ്ടിട്ട് ശലഭങ്ങൾ ഭയപ്പെട്ടു തിരിച്ച് കാട്ടിലേക്ക് പോവാമെന്ന് ആലോചിച്ചിരിക്കുകയാ-യിരുന്നു.അവരുടെ അച്ചനും അമ്മയും അവരെ കാണാഞ്ഞി-ട്ട് ഗ്രാമത്തിലേക്ക് വന്നപ്പോഴാണ് ഈ കാഴ്ച കണ്ടത്. അതിൽ നിന്ന് അവരെ രക്ഷിച്ച് അവർ കാട്ടിലേക്ക് തിരിച്ചുപ്പോയി.ഒരു മാസത്തിനു ശേഷം ശലഭങ്ങൾ വളർന്ന് *വലുതായ് പിരിയാത്ത കൂട്ടുക്കാരായി ജീവിച്ചു.*

***അതുല്യ.പി 9 A***

കഥ

# നീനവും മിന്നവും

സുന്ദരമായ കൊച്ചു ഗ്രാമത്തിലെ സുന്ദരികളായ രണ്ട് പെൺകുട്ടികളായിരുന്ന നീനവും മിന്നവും. എല്ലാവരുടെയും കണ്ണിലുണ്ണികളായി ആ ഗ്രാമത്തിലെങ്ങും പൂത്തുമ്പികളെ പോലെ അവർ തത്തികളിച്ചു. നീനുവിന്റെ അച്ഛനും അമ്മയും അമേരിക്കയിലെ പ്രശസ്തരായ ഡോക്ടേഴ്സ് ആയിരുന്നു.ആയതിനാൽ അവൾ മുത്തച്ഛന്റെയും മുത്തശ്ശിയുടെയുംപരിചരണത്തിലാണ് വളർന്നിരുന്നത്.പക്ഷെ അവളുടെ കൂട്ടു കാരി ആയിരുന്ന മിന്നു ഒരു പാവപ്പെട്ട കുടുംബ ത്തിലെ ആയിരുന്നു. അവളുടെ അച്ഛൻ കൂലി പണിക്കാരൻ ആയിരുന്നു.പണം കൊണ്ട്സമ്പന്നർ ആയിരുന്നു നീനു.എന്നാൽ സ്നേഹം കൊണ്ട്സമ്പന്ന മായിരുന്നകുടുംബമായിരുന്നു മിന്നുവിന്റേത്അവർപഠിക്കുന്നതുംകളിക്കുന്നതുംഎല്ലാംഒരുമിച്ചായിരുന്നുഇണ പ്പിരിയാനാവാത്ത സുഹൃത്തുക്കൾ ആയിരുന്നു അവർ.അങ്ങനെ ഇരിക്കെ നീനുവിൽ വല്ലാത്തൊരു മാറ്റം മിന്നുവിന് കാണാൻ സാധിച്ചു. ഇടെയ്ക്കിടെ വരുന്ന പനി അവളെ കൂടുതൽ ക്ഷീണിതയാക്കി.അവൾക്ക് പനി വരുമ്പോൾ അവളുടെ മുത്തശ്ശി അവളെയും കൊണ്ട്ആശുപത്രിയിലേക്ക് പോവുമായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം മിന്നുവിന് എല്ലാം മനസിലായി.തന്റെ പ്രിയപ്പെട്ട കൂട്ടുകാരിക്ക് ബ്ലെഡ് കാൻസർ ആണെന്ന്.നീനുവിന്റെ അസുഖവിവരം അവളുടെ മുത്തശ്ശി അവളുടെ പപ്പയെയും മമ്മിയെയും അറിയിച്ചിരുന്നു. അവരുടെ തിരക്കൊഴിഞ്ഞ്

അവർ എത്തുമ്പോഴേക്കും അസുഖം അവളുടെ ശരീരത്തെ

കീഴടക്കിയിരുന്നു.അങ്ങനെയിരിക്കെ നീനുവിന്റെ അമ്മ അവളുടെ മുത്തശ്ശിയോട് ഇങ്ങനെ പറഞ്ഞു . " എന്റെ മകളെ നാളെ തന്നെ ഞാൻ അമേരിക്കയിലേക്ക് കൊണ്ട്പോവും അവിടെ നിന്നും നല്ല ചികിത്സ തന്നെ അവൾക്കു നല്കും.ഇതുക്കേട്ടുകിടന്ന നീനു മിന്നു വിനോട് പറഞ്ഞു."നീനു എനിക്ക് നമ്മുടെ സ്കൂളിലേക്ക് പോകണം. പുളിമരച്ചുവട്ടിൽ കുറച്ച് നേരം ഇരിക്കണം. പിന്നെ നമ്മളുടെ ശ്രീലക്ഷ്മി ടീച്ചറെ കണ്ട് സംസാരിക്കണം. മിന്നൂ നീയെന്നെ നാളെ തന്നെ നമ്മളുടെ സ്കൂളിലേക്കു കൊണ്ടു പോവണം എന്നു പറഞ്ഞു". തന്നെ നാളെ തന്നെ സ്കൂളിലേക്ക് കൊണ്ടു പോവാം എന്ന് മിന്നു നീനുവിന് വാക്കു കൊടുത്തു. പിറ്റേന്ന് രാവിലെ മിന്നു നീനുവിനേയും കൂട്ടി സ്കൂളിലേക്കു പോകാനായി ഒരുങ്ങി. എന്നിട്ട് നീനുവിനെ കൂട്ടാനായി അവളുടെ വീട്ടിലെത്തി. അപ്പോൾ മുറ്റത്ത്

നീനുവിന്റെ മുത്തശ്ശിയുണ്ടായിരുന്നു. മിന്നു മുത്തശ്ശിയോട് തന്റെ നീനു എവിടെയെന്ന് ചോദിച്ചു.മുത്തശ്ശി മിന്നുവിനോട് പറഞ്ഞു.ഇന്നലെ രാത്രി നീനുവിന് അസുഖം കൂടുകയും അവളെ അടുത്തുള്ള ആശുപത്രിയിലേക്ക് അവളുടെ അച്ഛനും അമ്മയും കൊണ്ട് പോകുകയും ചെയ്തു.അതുകേട്ട ഉടനെ തന്നെ മിന്നു തന്റെ വീട്ടിലേക്ക് ഓടി.അമ്മയെയും കൂട്ടി ആശുപത്രിയിലേക്ക് പോയി.അവിടെ ചെന്നപ്പോൾ അവൾ കണ്ടത് വെള്ളതുണിയിൽ പൊതിഞ്ഞ തന്റെ നീനുവിന്റെ നിശ്ചലമായ ശരീരം ആയിരുന്നു.ഒരു നിലവിളിയോടെ അവൾ ആ ശരീരത്തിലേക്ക് വീണു.പിന്നെ ഒന്നും അവൾക്ക് ഓർമ്മയില്ല.ഇപ്പോഴും മിന്നു തന്റെ വീടിന്റെ തിണ്ണയിൽ ചീറിപാറിയ മുടിയുമായി ദൂരേക്ക് കണ്ണും നട്ട് ഇരിക്കുന്നതു കാണാം.

-അലീന.കെ

9A

*കഥ*

# പ്രതീക്ഷ

ഇന്നലെയും രാത്രി മഴപെയ്തു. കരിമ്പടത്തിനുള്ളിലൂടെ ഞാൻ ആകാശത്തേക്കുനോക്കി.ക്ഷീണിതമാണെങ്കിലും ചന്ദ്രന് അമ്മയുടെമുഖമായിരുന്നു. ആ രാത്രി ഷൊർണ്ണൂരിലെ തന്റെ വീട്ടിൽ ആ അമ്മ ഒറ്റക്കായിരുന്നു. സങ്കടങ്ങളും പേറിയുള്ള തന്റെ കരച്ചിൽ തുടർന്നു കൊണ്ടേ യിരുന്നു.അപ്പോഴും സമാധാനിപ്പിക്കാൻ ആരും ഉണ്ടായിരുന്നില്ല.തന്റെ ഏക മകളായ സൗമ്യയുടെ ദുഖത്തിൽ വേദനിച്ച് പൊട്ടിക്കരയുകയായിരുന്നു ആ പാവം. തന്റെ മകളെ കൊന്ന ആ ഒറ്റക്കയ്യൻ ഗോവിന്ദച്ചാമിയേയും, അയാളെ രക്ഷിക്കാൻ മുബൈയിൽ നിന്നും എത്തിയ ആളൂരിനേയും കൊന്ന് പ്രതികാരം ചെയ്യുക എന്ന ലക്ഷ്യവുമായാണ് ആ അമ്മ ഇന്നും ജീവിക്കുന്നത്. ഡൽഹിയിലെ നിർഭയയുടെ മാതാപിതാക്കളുടെ അവസഥയും അന്ന് അതുതന്നെയായിരിക്കാം.

അമ്മ എന്നത് ഓരോ കുഞ്ഞിനും എത്രമേൽ പ്രിയപ്പെട്ടതാണോ അതിലും എത്രയോ ഇരട്ടിയാണ്. അമ്മക്ക് കുട്ടികളോടുള്ള സ്നേഹം അതുകൊണ്ട്

തന്നെയാണ് നമ്മുടെ ഓരോ ചെറിയ വേദനകൾ പോലും അമ്മയുടെ മനസിനെ അഗാധമായി വേദനിപ്പിക്കുന്നത്. നമ്മുടെ ഓരോ ഭാവമാറ്റങ്ങളും മറ്റാരേക്കാളും അമ്മക്ക് തിരിച്ചറിയാനാകും.എന്നാൽ ഇന്ന് അമ്മയുടെ സ്നേഹം കിട്ടുന്നവർ വളരെ കുറഞ്ഞുവരുന്നു. ആ സ്നേഹം കൊടുക്കാനും ആർക്കും കഴിയുന്നില്ല. കൊടുക്കാൻ കഴിയണമെങ്കിൽ അത് അനുഭവിച്ചറിയണം. വളർന്നുവരുന്ന ഗോവിന്ദച്ചാമിയെ പോലുള്ള ആളുകളാണ് ഇവക്കെല്ലാം തടസ്സം സൃഷ്ടിക്കുന്നത്. അഞ്ച് വയസ്സുള്ള കൊച്ചു പെൺകുട്ടി മുതൽ എൺപത് വയസ്സുള്ള വൃദ്ധകൾ വരെ പീഢനത്തിന് ഇരയാകുന്ന കാലമാണിത് ഓരോ പെൺകുട്ടിയും ഇന്ന് വളർന്നു വരുന്നത് ഒരുപാട് കഷ്ടതകൾ സഹിച്ചാണ്.

പെട്ടന്ന് ആരോ എന്നെ വിളിച്ചുണർത്തി ഇതുവരെ ഞനെന്റെ സ്വപ്നത്തിൽ വളർന്നു വരുന്ന തലമുറക്ക് ക്ലാസെടുക്കുന്ന ടീച്ചറായിരുന്നു എന്ന് പിന്നീടാണ് ഞാൻ മനസിലാക്കിയത്. ട്രെയിൻ കോഴിക്കോട് റെയിൽവെ സ്റ്റേഷനിലെത്തി. ഞാനിറങ്ങുകയാണ് , ഗോവിന്ദച്ചാമിയെ പോലുള്ള ദുഷ്ടന്മാരെ ഇല്ലാതാക്കി നന്മയുടെ ലോകം സൃഷ്ടിക്കാം എന്ന പ്രതീക്ഷയോടെ.........................................

ഹൃദ്യ.കെ.ജി 9A

കഥ

# അഹങ്കാരം ആപത്ത്

ഒരു ചെറിയ നദിയിൽ ഒരു സ്വർണമീനും ബാക്കി കുറേ ചെറുതും വലുതുമായ മീനുകളും ഉണ്ടായിരുന്നു. സ്വർണമീനിന് വളരെ ഏറെ അഹങ്കാരമായിരുന്നു. അവൻ മറ്റ് മത്സ്യങ്ങളുമായി ചങ്ങാത്തം കൂടാൻ എപ്പോഴും പറയും. എന്നാൽ അമ്മ മത്സ്യം പറയുന്നത് സ്വർണമീൻ കേൾക്കില്ല. ഞാൻ അവരേക്കാൾ വലിയവനാണെന്ന അഹങ്കാരം കാരണം സ്വർണമീനിന് ചങ്ങാത്തം കൂടാൻ ആരുമില്ലായിരുന്നു. ഒരിക്കൽ എല്ലാ മീനുകളും പല ഭാഗത്തേക്കും പാഞ്ഞ് പോകുന്നത് കണ്ട് സ്വർണമീനിന് ഇവിടെ വലിയൊരു ഡോൾഫിൻ വരുന്നുണ്ടെന്നുള്ള രഹസ്യം മറ്റുള്ള മീനുകൾ നീ അവരോട് ചങ്ങാത്തം കൂടാത്തത് കൊണ്ട് നിന്നോട് മറച്ചു വച്ചതായിരുന്നു. അപ്പോൾ സ്വർണമീനിന് തന്റെ അഹങ്കാരം മനസ്സിലായി. അവന് മറ്റു മീനുകളോട് ക്ഷമ ചോദിച്ചു.

ദിൽഷാന. വി. *5. A*

*കവിത*

# മലയാളം

മമ നാടിൻെറ ഭാഷയാം മലയാളം....

മമ ജീവൻെറ ജീവനാം മലയാളം.....

മലനാടിൻെറ മലയാളം നമ്മുടെ മലയാളം....

നമ്മുടെ സ്വന്തം മലയാളം .....

അക്ഷരവീഥിയിലെ അക്ഷരവെളിച്ചം നീ......

ഞങ്ങടെ അമ്മയാം മലയാളം.

അജ്ഞാനമെന്നൊരു അന്ധകാരത്തെ-

ജ്ഞാനമെന്നൊരു വെളിച്ചം കൊണ്ടുനീക്കിടാം.

കേരം തിങ്ങിനിറഞ്ഞൊരു നാട്

ആ നാടിൻെറ സ്വന്തം മലയാളം........

ഈ മലയാളം......ഈ മലയാളം........

മലയാളം.......

-അനന്യ ഷിബു.വി

8-B

കവിത

# ഗുരു

അറിവിൻെറ ആഴകയങ്ങൾ താണ്ടിയിന്നുയരുന്ന ഞാനിന്നു
പറവയേപ്പോൾ

ആ വഴിയിരുളിൻെറ രാവിനെ

അറിവിൻെറ ശോഭയാൽ അകറ്റി നീ

സൂര്യനായി ജീവനായി മാറി.

ഉയിരായി ഉടലായി സ്നേഹമായ് മാറി
നീ

ഇന്നെൻ നിഴലിൻെറ പാതിയായി

മാറി.

അറിയാതെ എഴുതി നിൻ നാമമെൻ
അകതാരിൽ

ഗുരുവെന്ന ദൈവത്തിൻ നാമം.

എൻെറ ദൈവമാം ഗുരുവിൻെറ നാമം.



- ശ്രീനിധി.കെ.ടി -8 B

കവിത

# കനൽ മഴ

സൂര്യന്റെ എരിയുന്ന ചൂടിനു മുമ്പിൽ
കുളിരായെത്തും പുതുമഴയെ
കനലിൻ നടുവിൽ തണുപ്പായെത്തും
മുകിലിൻ മഴയെ
നിൻ ആദ്യതുള്ളിയിൽ തൻ സുഗന്ധമുയർന്നു
ആ പുതു മണ്ണിൻ സുഗന്ധം
എന്റെ മനസ്സിലുയർന്നു
ആതുള്ളിതൻ ഗന്ധം
പൊള്ളുന്ന മണ്ണിൽ നിൻ തുള്ളി വീണ-
പ്പോൾ മണ്ണും തലതാഴ്ത്തി നിന്റെ മുന്നിൻ
നിന്നംശം വീണപ്പോൾ തന്നെ
മണ്ണിലും പുതുജീവൻ തളിരിട്ടു.

-ദേവിക. സി. എം
8.B

# മരണം കവിത

ഇന്നലെകൾ മൊഴിയുന്ന ഭൂതകാല-
ത്തിൻെറ നാദാരവങ്ങൾക്ക് അന്ത്യമായി.
ഏതോ മാനവൻ മീട്ടുന്ന വീണതൻ
ശ്രുതിയുടെ വിരാമത്തിൻ നേരമായി.
അശ്രുക്കൾ പൊഴിയുന്ന മാനവവദനങ്ങൾ
നിറയുന്ന ശോകത്തിൻ കാർമുകിലുകൾ
സന്താപരാഗങ്ങൾ ആഴത്തിൽ മൂളുന്ന
പക്ഷിയും കൂട്ടരും ഏകനായി.
മാനവാ നീയിന്ന ഏകനായി പോവുന്ന
മൂകനായി ഭൂമിതൻ മാറിലേക്ക്
ഗാഢമാം നിദ്രയിലലിഞ്ഞുചേരാൻ
ഇന്ന നീ പോകുന്ന നാളെ ഞാനും
നീയിന്ന പോകുമ്പോൾ തേങ്ങുന്ന
ഞാനതാണ്ടായിനിന്നവർ നീ
താങ്ങായവർ
മാനവാ നിൻെറയീ അന്ത്യത്തിൽ നിമിഷത്തിൽ
സ്തബ്ധനായി സർവ്വതും നോക്കി നിൽക്കെ
അറിയാതെ പൊഴിയുന്ന എൻെറ അശ്രുക്കളും
അറിയാതെ ഉരുകുന്ന മമ മനസ്സും

***-ശ്രീനിധി.കെ.ടി***

# മഴത്തുള്ളി

തുള്ളി തുള്ളി വാ...
എന്റെ മഴത്തുള്ളിയായി...
തണുത്ത കാറ്റിലെന്നെ
പുണരൂ നീ...
തുള്ളി തുള്ളി വാ...
എന്റെ മഴത്തുള്ളിയായി...
പാട്ടിലൂടെ എന്നെയുണർത്തു നീ...
തുള്ളി തുള്ളി വാ...
എന്റെ മഴത്തുള്ളിയായി...
പോകരുതേ എന്നെ വിട്ടു നീ...

**-അനാമിക.എം.എ**

**ആറ്.എ**

കവിത

# പ്രളയം

പ്രളയം വന്നു..പ്രളയം വന്നു..
എല്ലാവരും ദുരിതത്തിലായി...




ലക്ഷകണക്കിന്റെ നഷ്ടങ്ങളായി...
മനുഷ്യരും മൃഗങ്ങളും പക്ഷികളും-
അനുഭവിച്ചിടുന്ന പ്രകൃതി ക്ഷോഭം...
കടലും കുളവും  അരുവിയും എല്ലാം
നിറഞ്ഞൊഴുകിടുന്ന പ്രകൃതി ക്ഷോഭം...
മനുഷ്യരെല്ലാവരും ഒത്തൊരുമയോടെ
നിൽക്കുന്നൊരു പ്രകൃതിക്ഷോഭം...
കാലം മറക്കാത്ത പ്രകൃതിക്ഷോഭം...
വരുതെ ഇനിയൊരു പ്രകൃതിക്ഷോഭം...
മനുഷ്യരെല്ലാവരും ഭൂമിയെ പ്ലാസ്റ്റിക്ക്-
കൂമ്പാരമാക്കിയക്ഷോഭം....

***-ദേവപ്രിയ. കെ. വി***

***ആറ്.എ***

കവിത

# മഞ്ഞ്



ഉണരൂ ഉണരൂ മഞ്ഞ്തുള്ളിയിൽ
പകൽമഞ്ഞ് മൂടിയൻ
ഭൂമിജാലകം തുറന്നു
വന്നിരിക്കൂ നീ
വന്നിരിക്കൂ നീ
മഞ്ഞുതുള്ളിതൻ മഴയായി വരുമോ
മഞ്ഞിൽ മൂടിയൻ പൂത്തകിടുകൾ
മഞ്ഞുതുള്ളിയിൽ പ്രതിഫലിച്ച
ആകാശകിളികൾ പറന്നിറങ്ങി

മഴയാണോ.....മഞ്ഞാണോ നീ.....നീ....നീ....നീനീ

എന്നെ നീ തണുപ്പിക്കരുതെ.....

കുഞ്ഞുകുട്ടിയാ.....ഞാൻ...ഞാൻ
തണുപ്പിക്കില്ലെ ഞാൻ കിടക്കുന്നത്
തണുപ്പിക്കല്ലെ......എൻ മഞ്ഞുതുള്ളിയെ.......

- അഞ്ജന.കെ.ടി 8 A

കവിത

# തത്ത



തത്തേ തത്തേ...

കുഞ്ഞിതത്തേ...

നിന്റെ ചുണ്ടിനെന്തു ചുവപ്പുനിറം...

തത്തേ തത്തേ...

കുഞ്ഞിതത്തേ...

നിനക്കാരുതന്നീ പച്ചനിറം...

തത്തേ തത്തേ...

കുഞ്ഞിതത്തേ...

നിനക്കാരുതന്നീ ഭംഗിയുള്ള ചിറകുകൾ..

തത്തേ തത്തേ...

മരച്ചില്ലകളിൽ കൂട്ടുണ്ടാക്കാം...

പാറി പാറി കളിച്ചുനടക്കാം...

തത്തേ തത്തേ..

കുഞ്ഞിതത്തേ...

മാനംമുട്ടെ പാറി നടക്കാം...

***തത്തേ തത്തേ..കുഞ്ഞിതത്തേ...***

***ദേവപ്രിയ. കെ വി 6 A***

## കുംഭത്തിൽ നട്ടാൽ

നാടൻപാട്ട്

തെയ്യാരാ.... തെയ്യാരാ.... തക
തെയ്യാരാ.... തെയ്യാരാ....
ഒന്നാം കണ്ടം പൊടിപറന്നേ
ഒത്തിരിയൊത്തിരി വിത്തെറിഞ്ഞേ.... (തെയ്)
രണ്ടാം കണ്ടം പൊടിപറന്നേ
രണ്ടര വിത്തു വലിച്ചെറിഞ്ഞേ.... ( തെയ്)
വിത്തിട്ട നിക്കും കുറുമ്പിപ്പെണ്ണാളെ !
അത്തം പിറന്ന ദെവസം കണ്ടോളേ.... (തെയ്)
ഒത്തിരിക്കാതം നടന്ന കയിഞ്ഞേ...
മുട്ട തളർന്ന മുത്തവും കൊയഞ്ഞേ...( തെയ്)

പാട്ടിന്റെ താളത്തിനൊപ്പം ശാരിക ചുവടുവെച്ചു.
“ അവരെന്തിനാ മുത്തശ്ശീ വത്തു വലിച്ചെറിയുന്നോ?”
ശാരികയുടെ ചോദ്യം കേട്ട് മുത്തശ്ശിക്കു ചിരിപൊട്ടി.
“ അതേയ്.... വിത്തു വിതയ്ക്കുന്നതാ കുട്ടി.”
“ നമ്മളും നെല്ലു കൃഷി
ചെയ്തിരുന്നോ മുത്തശ്ശി "
“പിന്നില്ലേ.... നെല്ലു മാത്രമല്ല നമ്മുടെ പാടത്തും
പറമ്പിലും എന്തെല്ലാം കൃഷികളായിരുന്നെന്നോ! ”

അബിനീഷ്. പി 6A

കവിത

# ബാല്യം

കഴിഞ്ഞുപോയ ബാല്യം
ഇനി ഒരു ഓർമ മാത്രം
എന്നരികിൽ വരൂ
ഒരു കുളിർ വീശാനായ്



കൂട്ടുകാരുമൊത്ത്
കളിച്ച രസിച്ച ബാല്യം
മാവിൻ ചില്ലയിൽ കല്ലെ
റിഞ്ഞ ബാല്യം

കൊച്ചു കൊച്ചു കുസൃതികൾ
വന്നു എൻ ബാല്യത്തിൽ

–അർച്ചന.സി.ടി *8 എ*

യാത്ര വിവരണം

# കണ്ണൂരിലെ വിസ്മയം

ഞങ്ങൾ ആദ്യമായി അഞ്ചാം ക്ലാസ് പഠനയാത്ര പോയത് കണ്ണൂർ ജില്ലയിലേക്കാണ് ഞങ്ങൾ പുലർച്ചെ 5 മണിക്കാണ് പുറപ്പെട്ടത്. ആദ്യം ഞങ്ങൾ പോയത് കണ്ണൂർ കോട്ടയിലേക്കാണ്. ഞങ്ങൾ അവിടെ നിന്ന് കുറെ കാര്യങ്ങൾ പഠിച്ചു. പിന്നെ ഞങ്ങൾ പോയത് പാപ്പനശ്ശേരി സ്നേക്ക് പാർക്കിലേക്കാണ്. അവിടെ നിന്ന് പലതരത്തിലുള്ള ജീവികളെയും പക്ഷികളെയും മൃഗങ്ങളെയും കണ്ടു. എന്നെ പേടിപ്പെടുത്തിയത് പാമ്പുകളാണ്. പിന്നീട് സമയം 12 മണിയായി ഞങ്ങൾ കൗതുകത്തോടെ കാത്തു നിന്ന വിസ്മയ വാട്ടർതീൻ പാർക്കിലെത്തി. 4 മണി വരെ വെള്ളത്തിൽ നീന്തിയും ചാടിയും കളിച്ചു. പിന്നെ ഞങ്ങൾ പാർക്കിൽ നിന്നും യാത്രതിരിച്ചു. പിന്നെ 7 മണി എട്ടുമണിയാവുമ്പോൾ ഞങ്ങൾ കണ്ണൂർ ബീച്ചിലെത്തി അവിടെനിന്നു രസകരമായ കാറ്റ് ഞങ്ങളെ തഴുകി പിന്നീട് ഞങ്ങൾവീട്ടിലേക്ക് യാത്ര തിരിച്ചു..


-

**അബിഷ.പി 6.A**

***കവിത***

# നീലക്കുറിഞ്ഞി

നീ പൂക്കുന്നൊരു  കാലം
ഞാൻ നിന്നെ ഓർക്കുന്നു.
എന്തൊരു ഭംഗിയാണ്
എന്തൊരു സുഗന്ധമാണ്
ഞാൻ ഉണരുമ്പോൾ കൺമുമ്പിൽ
കാണാൻ കൊതിക്കുന്ന ഒരു സമയം
ഞാൻ ഉണരുന്നത് നിൻ
സുഗന്ധത്താലാണ്
ഞാൻ ജീവിക്കുന്നത് നിൻ ഭംഗിയാലാണ്



കാലം കൂടുംതോറും നിന്നെ കാണാതാവുന്നു
മനുഷ്യൻ നിന്നെ നശിപ്പിച്ചുകളയുന്നു
ഭൂമിയുടെ ഭംഗിയാണു നീ
മനുഷ്യർ നിന്നെ നശിപ്പിച്ച്
വസ്തുങ്ങളിലേക്കും  കുടകളിലും
വരച്ച് ചേർക്കുകയാണ്.
നീലക്കുറിഞ്ഞി നിന്നോട് ഭൂമി വിട
പറയുകയാണ്

***ഹൃദ്യ.ടി -8 A***

# ഒരുമയോടെ

അന്ന് തിങ്കളാഴ്ചയായിരുന്നു.പുഴയുടെ സമീപത്തെ കൊട്ടാരം പോലെയുള്ള ആ വീട്ടിലെ പരിഷ്ക്കാരിയും പണക്കാരനും ഉദ്യോഗസ്ഥനമായ രാജീവ് തന്റെ കിടക്കയിലെ നനവ് ശരീരത്തിലനുഭവപ്പെട്ട് എഴുന്നേറ്റു. കണ്ണ്തുറന്നപ്പോൾ ഇത് സത്യമാണോ അതോ സ്വപ്നമാണോ?അയാൾക്ക് ആ ഭയങ്കരമായ കാഴ്ചകണ്ട് ഉടൽ വിറച്ചു അമ്മേ....... അവൻ നീട്ടി വിളിച്ചു. ആ സമയത്ത് കോരിത്തരിച്ചു പെയ്യുന്ന മഴയായിരുന്നു. തന്റെ അമ്മ വിളി കേൾക്കാത്തതുകൊണ്ട് അവൻ ഒരു വിധത്തിൽ രണ്ടാം നിലയിൽ നിന്നും താഴേക്ക് ഇറങ്ങാൻ നേരം അവൻ ഒന്നു ചിന്തിച്ചു. രണ്ടാം നിലയിൽ കിടന്ന എന്റെ കിടക്കയിൽ വരെ വെള്ളം കയറി. അപ്പോൾ താഴെ കിടന്ന എന്റെ

അമ്മ നിലവിളിച്ചു. കണ്ണിൽ നിന്ന്
നീർച്ചാലൊഴുകുന്നതുപോലെ കണ്ണീരൊഴുകി.
എന്റെ അമ്മ പോയി, മറ്റൊരു ലോകത്തേക്ക്.
ഇനി ഞാനും പോകും കാരണം ഞാൻ
കഷ്ട്പ്പെട്ട്  ഉണ്ടാക്കിയ സർവ്വതും
പോയി.എനിക്ക് രക്ഷപ്പെടാൻ സാധിക്കില്ല. ഒരു
വിധത്തിൽ നേരം പുലർന്നു. പുറത്തൊരു ശബ്ദം
അത് ഒരു ബോട്ട് ആയിരുന്നു. ആ
ബോട്ടിൽ മത്സ്യത്തൊഴിലാളികൾ
രക്ഷാപ്രവർത്തനം നടത്തി.രാജീവിനെ രക്ഷിച്ചു.
രക്ഷിച്ച ആളുകളുടെ കൂട്ടത്തിൽ
രാജീവ് എന്നും കുറ്റപ്പെടുത്തുകയും
ആക്ഷേപിക്കുകയും ചെയ്തിരുന്നപാവപ്പെട്ട
കാസിം ഉണ്ടായിരുന്നു. രാജീവ്  അയാളോടു
പറഞ്ഞു; എന്നോട് ക്ഷമിക്കണം,ഞാൻ തന്റെ
കുട്ടിക്ക് അസുഖം വന്നപ്പോൾപോലും തന്നെ
സഹായിച്ചില്ല.താൻ എന്നോട് എത്ര

ചോദിച്ചതാ  ഒരുരണ്ടായിരം രൂപ അതു
പോലും തരാനില്ലമനസ്സ് ഞാൻ തന്നോട്
കാട്ടിയില്ല.ഇപ്പോൾ എന്റെ ജീവൻ രക്ഷിക്കാൻ
ആ പഴയ കാര്യങ്ങളൊക്കെ മറന്ന് താനും
വന്നില്ലേ

ഇതാ... അയാൾ തന്റെ കയ്യിലിരുന്ന മോതിരം

അഴിച്ച് കാസിമിന് കൊടുത്തു.

ഇത് വിറ്റ് കാശാക്കിക്കോളൂ...പണം
ഞങ്ങൾക്ക് കടലിലേക്കിറങ്ങിയാൽ കിട്ടും
പക്ഷെ സാറിന്റെ ജീവൻ



തിരിച്ച്കിട്ടുമായിരുന്നോ?ആ ചോദ്യം കേട്ട് അയാൾക്ക് കരച്ചിൽ വന്നു. അവരെല്ലാവരും കൂടി ബോട്ടിൽ അയാളെ ആ സ്ഥലത്തുള്ള ഒരു വിദ്യാലയത്തിൽ കൊണ്ടു പോയി. അവിടെ എത്രയോ ആളുകൾ ഉണ്ടായിരുന്നു പണക്കാരനും പാവപ്പെട്ടവനും എല്ലാവരും ഒരുമിച്ച് ഒരു മുറിയിൽ. അന്ന് അവിടെ ഉള്ള ഒരു സ്ത്രീ പറഞ്ഞു കണ്ടില്ലേ എല്ലാവരും ഒരുമയോടുകൂടി  നിൽക്കുന്നത് . ഒരേ ഭക്ഷണവും കഴിച്ച് ഒരേ മുറിയിൽ ഉറങ്ങി  . കണ്ടില്ലേ മഹാപ്രളയത്തിൽ എല്ലാം നഷ്ട്ട പ്പെട്ടവരാണിവർ . ഞാനുൾപ്പെടെ ജാതിമത വ്യത്യസമില്ലാതെ ഒരുമയോടെ ***പ്രവർത്തിച്ചാൽ ഏതു ദുരന്തത്തെയും നമുക്ക് നേരിടാം .***

*-വിഷ്ണു ടി*

കവിത

# കാറ്റ്

കാറ്റെ കാറ്റെ ഇളം കാറ്റെ
എന്തൊരു സുഗന്ദമാണീ കാറ്റ്
മഴയിലും പുഴയിലും ഈ കാറ്റ്
എന്തൊരു സുഗമാണീ കാറ്റ്
കാറ്റെ കാറ്റെ
എന്നെ പുണരും നീ
തഴുകി തഴുകി
ഉണർത്തും ഞങ്ങളെ
ഉന്മേശഭരിതരാക്കീടും
കാണാനും കഴിയില്ല
ഈ ഇളം കാറ്റിനെ,
കടലിലും പുഴയിലും കാറ്റല്ലോ............

ദേവപ്രിയ. കെ വി 6A

ആസ്വാദനക്കുറിപ്പ്

# വീണ പൂവ്

മലയാള കവിതയുടെ കാല്പനികവസന്തത്തിനു തുടങ്ങംകുറിച്ച മഹാകവിയാണ് എൻ. കുമാരനൻ എന്ന കുമാര-രനാശാൻ 1873 ഏപ്രിൽ 12 ന് കായിക്കരയിൽ ജനിച്ചഇദ്ദേഹം ആധുനിക കവിത്രയങ്ങളിൽ ഒരാളാണ്. ആശ-യഗംഭീരൻ, സ്നേഹഗായകൻ എന്നിവ ആശാന്റെ വിശേഷണങ്ങളാണ്.

1907 ഡിസംബർ ആണ് ആശാൻ വീണപൂവ് മിതവാദി പത്രത്തിൽ പ്രസിദ്ധീകരിച്ചത്. മലയാള കാ-വ്യാന്തരീക്ഷത്തിൽ തികച്ചും നൂതനമായിരു അനുഭവമാ-യിരുന്നു വീണപൂവ് എന്ന ഖണ്ഡകാവ്യം.

പൂവിന്റെ ജനനം മുതൽ മരണം വരെയുള്ള ആതീവസൂക്ഷ്മങ്ങളായ ഘട്ടങ്ങൾ മനുഷ്യജീവിതത്തിൽ

നൈമിഷികതയെ ഓർമിപിച്ചുകൊണ്ട് കേവലം നാ-
പത്തിയൊന്ന് ശ്ലോകങ്ങളിലൂടെ ചിത്രീകരിച്ചിരിക്കുന്നു
ടർന്ന് അക്കാലത്തെ ഏറ്റവും പ്രധാനപെട്ട സാഹിത്യ-
മാസികയായ ഭാഷാപോഷിണിയും അത്
പ്രസിദ്ധീകരിചച്ചു. വിഷൂചികപിടിപെട്ട് ആലുവയിലെ
വീട്ടിൽ കിടപിലായിരുന്ന ശ്രീനാരായണഗുരുവിന്റെ
അവസ്ഥയിൽ നിന്നാണ് വീണപൂവിന്റെ ആദ്യവരികൾ
രൂപം കൊണ്ടത് എന്ന് വിശ്വസിക്കുന്നു. ആശാൻ
കവിതയിൽ ഒരു മനുഷ്യജീവിതത്തെ പ്രതീകാത്മകമാ-
യി വർണിച്ചിരിക്കുന്നു. ഒരു പൂവിനെ മനുഷ്യനായി
സങ്കൽപിച്ച് കവി മലയാള സാഹിത്യത്തിൽ പുതിയ
അനുഭൂതി സമ്മാനിച്ചു.

ഏതൊരു വായനക്കാരനേയും ചിന്തകളുടെ
ലോകത്തേക്ക് കടത്തിവിടുന്ന കവിതയാണ് ''വീണപൂവ്''
വായനക്കാരന്റെ കാഴ്ചപാടിനെ മാറ്റി മറിക്കുന്ന ഒന്നാണ്
ഈ കവിത എന്ന് പറയാം.

ശ്രീനിധി. കെ. ടി

*8. എ*

കവിത

# ഓണം

ഓണം വന്നു...ഓണം വന്നു...

മാവേലിയെ വരവേറ്റു...

കുട്ടികളെല്ലാവരും പൂത്തറയിട്ടു -



കൈകൾ കഴുകി സദ്യക്കിരുന്നു...

അവരെല്ലാവരും ആടിപ്പാടി മാവേലിയെ

വരവേറ്റു...ചിങ്ങം വന്നു... ഓണം വന്നു..

*ദേവപ്രിയ കെ വി* 6A

കവിത

# ദൈവ തുല്യനായ ഗുരു

അറിവിൻ ചെപ്പ് തുറന്നു തരുന്നൊരു
ദൈവമാണ് ഗുരു
നല്ലതുമാത്രം പറഞ്ഞുതരുന്നൊരു
നല്ല മനസ്സിൻ ഉടമ
കുട്ടികൾക്കായി അറിവിന്റെ വിത്ത്
വിതയ്ക്കുന്ന ഈശ്വര തുല്യൻ ഗുരു
അറിവിന്റെ മാസ്മരിക ലോകത്ത്
നമ്മെ കൊണ്ടെത്തിക്കുന്ന
ഈശ്വരൻ
മറക്കാതിരിക്കാം ഗുരുക്കളെ
എന്നും
മനസ്സിൽ സൂക്ഷിക്കാം ഗുരുക്കൾ
പകർന്നു തന്ന അറിവ്



-സാന്ദ്ര സുരേഷ്

വിവരണം

# റോസ്

റോസാപ്പൂവ് പല നിറത്തിലുണ്ട്.

ഇത് നല്ല മണമുള്ള



പൂവാണ്. നല്ല
ഭംഗിയുള്ള

പൂവാണിത്.
ഇംഗ്ലീഷിൽ ഇതിനെ
റോസ് എന്നു
തന്നെയാണ്

പറയുന്നത്.
ഇതിൽ ഒരുപാട്


ഇതളുകളുണ്ടാകും.

*-ദേവപ്രിയ.കെ.വി 6.എ*

വിവരണം

# കലണ്ടർ

പല സ്ഥലങ്ങളിൽ നിന്നും പല കടകളിൽ നിന്നും നമുക്ക് സൗജന്യമായി കലണ്ടർ ലഭിക്കുന്നു.മലയാളമാസവും ഇംഗ്ലീഷ് മാസവും കൃത്യമായി കലണ്ടറിൽ കാണുന്നു. ഫോണിലും മറ്റു ഉപകരണങ്ങളിലും നമുക്ക് കൃത്യമായി മനസിലാക്കാൻ പറ്റിയ രൂപത്തിലും കാണാം.കലണ്ടർ നമ്മുടെ വീട്ടിൽ ഒരു നിത്യ ഉപയോഗ




വസ്തുവാണ്.ആഘോഷങ്ങളും ഉത്സവങ്ങളും ഇതിൽ കാണിക്കുന്നു. ഒരു കൊല്ലം മുഴുവൻ ഒരു കലണ്ടർ ഉപയോഗിക്കാം ഒട്ടേറെ ആവശങ്ങൾക്ക് ഇത് പ്രയോജമാണ്.

*-അനാമിക.എം എ-ആറ്.എ*

*വിവരണം*

# ജൂൺ-19-വായനാദിനം


1996 മുതൽ കേരളസർക്കാർ ജൂൺ 19 വായനാദിനമായി ആചരിക്കുന്നു.ജൂൺ 19 മുതൽ 25 വരെയുള്ള ഒരാഴ്ച വായനാവാരമായും കേരള വിദ്യാഭ്യാസ വകുപ്പ് ആചരിക്കുന്നു.കേരള ഗ്രന്ഥശാലസംഘത്തിന്റെ ഉപജ്ഞാതാവും പ്രചാരകനുമായ പുതുവായിൽ നാരായണ



പണിക്കർ എന്ന പി.എൻ.പണിക്കരുടെ ചരമദിനമാണ്

ജൂൺ 19.1909 മാർച്ച് 1ന് ആലപ്പുഴ ജില്ലയിലെ നീലമ്പേരൂരിൽ പുതുവായിൽ ഗോവിന്ദപ്പിള്ളയുടെയും ജാനകിയമ്മയുടെയും മകനായി പുതുവായിൽ നാരായണ പണിക്കർ ജനിച്ചു.കൂട്ടുകാർക്കൊപ്പം വീടുകൾ കയറി പുസ്തകങ്ങൾ ശേഖരിച്ച് ജന്മനാട്ടിൽ 'സനാതന ധർമം'വായനശാല ആരംഭിച്ചാണ് അദ്ദേഹം ഗ്രന്ഥശാല പ്രസ്ഥാനം ആരംഭിച്ചത്.കേരളത്തിലുടനീളം സഞ്ചരിച്ച് "വായിച്ച് വളരുക...ചിന്തിച്ച് വിവേകം നേടുക..."എന്ന് കുട്ടികളോട് ആഹ്വാനം ചെയ്തു.പി.എൻ.പണിക്കരുടെ ഓർമയ്ക്കായി 2004 ജൂൺ 19 അഞ്ചു രൂപയുടെ തപാൽ സ്റ്റാമ്പ് പുറത്തിറക്കി.ജൂൺ 19 വായനാദിനമായി ആചരിച്ച് നാം പി.എൻ.പണിക്കരുടെ സ്മരണ പുതുക്കുന്നു.

***ശ്രീനിധി.കെ.ടി 8 B***



കവിത

# പൂക്കൾ



പൂക്കൾ പലവിധം പൂക്കൾ

മുല്ല,പിച്ചി

,ചെമ്പകം,താമര...

എല്ലാം നിറഞ്ഞൊരു

പൂന്തോട്ടം...

എന്തൊരു രസമാണീ

പൂക്കൾ...

ആരാണീ ഭംഗി തന്നത്....?

***അബിനീഷ് പി 6A***

**സന്ദേശം**

## ഭൂമി

**ഭൂമിയുടെ ഇന്നത്തെ അവസ്ഥ വളരെ ദയനീയമാണ്. ആളുകൾ പ്ലാസ്റ്റിക്കും മറ്റും കത്തിച്ച് ഭൂമി മലിനമാക്കുകയാണ്. അതിനാൽ ആദ്യത്തെ ഭൂമിതിരിച്ചുക്കൊണ്ടുവരാൻ നമ്മളുടെ പ്രയഗ്നം ആവശ്യമാണ്. ഭൂമിയെ നമ്മൾ നമ്മുടെ അമ്മയെ പോലെ സ്നേഹിക്കണം ഭൂമി മലിനമാവാതിരിക്കാൻ കുട്ടികൾ ചെയ്യേണ്ട കാര്യം**



1. വീടും പരിസരവും മലിനമാക്കാതെ സൂക്ഷിക്കുക.

2.വിദ്യാലയം മലിനമാക്കരുത്.

3.പ്ലാസ്റ്റിക്ക് സാധനങ്ങൾ കഴിവതും ഒഴിവാക്കുക.

4.പ്ലാസ്റ്റിക്ക് കഴിവതും കത്തിക്കാതിരിക്കുക.

5.ഭൂമിയെ പ്ലാസ്റ്റിക്ക് കുപ്പ ആക്കാതിരിക്കുക.

***- ഉണ്ണിമായ. കെ. പി 6A***

കഥ

# രാജ്ഞിയുടെ അഹങ്കാരം



പണ്ട് ഒരു ചെറിയ വീട്ടിൽ നാലു പേർ ഉണ്ടായിരുന്നു. അച്ഛനും അമ്മയും അനിയനും ചേച്ചിയും അമ്മയുടെ പേര് മീന, അച്ഛന്റെ പേര് മനോജ്, ചേച്ചിയുടെ പേര് ബിൻല,അനിയന്റെ പേര് അപ്പു. അങ്ങനെ ഒരു ദിവസം അപ്പുവിന്റെ അച്ഛൻ വണ്ടിയുമെടുത്ത് ജോലിക്കു പോകുമ്പോൾ വാഹനം അപകടത്തിൽ പെട്ടു. അതിൽ അപ്പുവിന്റെ അച്ഛൻ മരിച്ചു ഒരാഴ്ച്ച കഴിഞ്ഞു അപ്പുവിന്റെ അമ്മ അവരുടെ വീടിന് പിന്നിലുള്ള കുളത്തിൽ കുളിക്കാൻ പോയി. അവിടെ ഒരു മുതല ഉണ്ടായിരുന്നു. ആ മുതല അപ്പുവിന്റെ അമ്മയെ കടിച്ച് കുളത്തിന്റെ ആഴത്തിലേക്ക് കൊണ്ടുപോയി. അപ്പുവിന്റെ അമ്മയും മരിച്ചു. ആ വീട്ടിൽ ഇപ്പോൾ ബിൻലയും അപ്പുവും മാത്രമാണ്

ചേച്ചി വലുതായപ്പോൾ ചേച്ചിയെ കല്യാണം കഴിച്ച് വലിയ കൊട്ടാരത്തിലേക്ക് കുട്ടിക്കൊണ്ടുപോയി. എന്നാൽ അപ്പു വീട്ടിൽ ഒറ്റയ്ക്ക് ആയി. കുറച്ചു കഴിഞ്ഞപ്പോൾ അവന് വിശന്ന് തുടങ്ങി. അവന് ഒരു സാധനവും കഴിക്കാൻ കിട്ടിയില്ല. അപ്പോൾ അവൻ തെരുവിലൂടെ നടന്ന് നടന്ന് ഒരു വലിയ കൊട്ടാരത്തിൽ എത്തി.

അത് അവന്റെ ചേച്ചി ബിൻലയുടെ
കൊട്ടാരമായിരുന്നു.അവളൊരു രാജ്ഞിയായി കഴിഞ്ഞിരുന്നു
പക്ഷെ;പാവം അപ്പുവിന് അത് ചേച്ചിയുടെ കൊട്ടാരമാണെന്ന്
അറിയില്ല. അങ്ങനെ അപ്പു രാജ്ഞിയോടു ചോദിച്ചു;രാജ്ഞീ......
എനിക്ക് കുറച്ച് അരിയോ, വേറെ എന്തെങ്കിലും ഭക്ഷണമോ
തന്നാൽ എനിക്ക് എന്റെ വിശപ്പ് മാറ്റാം. അപ്പോൾ രാജ്ഞി
പറഞ്ഞു;നീയിതാ.. ഈ കാവൽകാരൻ ചെയ്യുന്ന പണി
കണ്ടില്ലേ?ഒരു പക്ഷിയും വരാതെ പെരും വെയിലത്ത് അരി
സംരക്ഷിക്കുന്നത്. ഇത് നീ ചെയ്താൽ നീനക്ക് ഞാൻ എന്ത്
ഭക്ഷണവും തരാം.അപ്പു അങ്ങനെയിരിക്കെ ഒരു ശബ്ദം കേട്ടു.
അവൻ തിരിഞ്ഞ് നോക്കിയപ്പോൾ
ഒരു തത്ത വന്ന് അതിൽ പകുതി അരിയും കൊത്തിതിന്നു.
എന്നാൽ രാജ്ഞി ആജ്ഞാപിച്ചു. അവനെ ആനയെക്കൊണ്ടു
കുത്തിപ്പിക്കു. അപ്പു ഓടിക്കൊണ്ടിരിക്കെ അവൻ കഥ
പറഞ്ഞു;അപ്പോഴാണ് രാജ്ഞിക്ക് മനസിലായത് അത് തന്റെ
അപ്പു ആണെന്ന്. അപ്പോൾ ആന ഒറ്റ കുത്ത്.അവന്റെ വയർ
കീറിപറിഞ്ഞു. അപ്പോൾ രാജ്ഞി അവരുടെ വീട്ടിലുള്ള
കുളത്തിൽ
ചാടി മരിച്ചു. രാജ്ഞിയെ പോലെയായാൽ
ഇതേപോലെ നമ്മൾക്കും ചെയ്യേണ്ടി വരും.

അംല *5 A*

കവിത

# മഴവില്ല്

ഏഴഴകുള്ളൊരു മഴവില്ല്
മാഞ്ഞുമറയും മഴവില്ല്
മഴയിൽ മുമ്പേ ഞാനെത്തും
നിങ്ങളെ കാത്തു ഞാനെത്തും
എന്നെ കാണാൻ എന്തൊരു ഭംഗി
എന്നെ കാണാൻ എന്തൊരു ചന്തം
ഏഴഴകുള്ളൊരു മഴവില്ല്
മാഞ്ഞുമറയും മഴവില്ല്

അശ്വനി. കെ. ***5.A***

# കുത്തിവര



**അനശ്രീ കെ ജി**

**9 A**




**അശ്വിൻ എം**

**6 A**



**അനാമിക. എം എ**

**6 A**



**ഹൃദ്യ കെ ജി**

**9 A**



**ബിൽജിത്ത് ബി കെ**


**9 B**




# ഗോപിക സി
## 9 A



**സൗരവ് എൻ 9A**


of all the gifts,
that life has to offer
a loving
Mother
is the greatest
of them all
Hridya K.G. IX-A

# 2018-19

# അദ്ധ്യയന വർഷത്തിലെ സ്കൂൾ പ്രവർത്തനങ്ങൾ






ശുചിത്വ പാത











# മുക്കം ഹൈസ്കൂൾ മുക്കം



# അദ്ധ്യാപകർ
# &
# അനദ്ധ്യാപകർ

# മുക്കം ഹൈസ്കൂൾ മുക്കം



## ലിറ്റിൽ കൈറ്റ്സ്

# കടപ്പാട്

1. അഖിൻ സുഭാഷ് (HSA MAL)
2. മിനു മാനുവൽ (HSA MAL)
3. സജിത്ത് കുമാർ . സി
4. അമൽ രാഗ്.ജെ
5. ജ്യോതിഷ് . എസ്.എം
6. അജ്നേഷ് . ടി. കെ
7. അഖിൽ . ടി
8. കൃഷ്ണജിത്ത് . കെ
9. ബിൽജിത്ത്.ബി. കെ
10. സൗരവ്. എൻ
11. വിനായക് . സി
12. സജിൽ കുമാർ. സി. ടി
13. സയ്യിദത്ത് ഫാത്തിമ
14. അനുശ്രീ . കെ. ജി

15. റിഷാന ഷെറിൻ.കെ.പി
16. അനാമിക .എ.കെ
17. ജനസ്തുതി .കെ
18. അതുല്യ .പി
19. അലീന .കെ
20. നന്ദ്യ സനീഷ്
21. ഹൃദ്യ.കെ.ജി
22. ഗോപിക .സി
23. ആദിത്യ .പി
24. അനാമിക .എ
25. അഖില .സി.കെ
26. മുർഷിദ .പി.ടി
27. അനശ്വര.എം. എ
28. അഞ്ജന .എം.
29. ആഷ്ന .കെ
30. ശിവപ്രിയ .കെ